സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂലൈ 11 ചൊവ്വ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

### ലൈംഗിക പീഡനക്കേസിൽ ഗുസ്തി താരങ്ങളെ ശരിവച്ച് ഡൽഹി പോലിസ്

## ബ്രിജ് ഭൂഷണെ ശിക്ഷിക്കണമെന്ന് കുറ്റപത്രം

ന്യൂഡൽഹി: തങ്ങൾക്ക് നേരെയുണ്ടായ ലൈംഗിക പീഡനക്കേസിൽ ഗുസ്തി താരങ്ങളെ ശരിവച്ച് ഡൽഹി പോലിസ്.

ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെ ശിക്ഷിക്കണമെന്നാണ് പോലിസ് സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നത്. ബ്രിജ് ഭൂഷൺ വിചാരണ ചെയ്യപ്പെടണമെന്നും ശിക്ഷയ്ക്കപ്പെടണമെന്നും ജൂണിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നതായി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു. ആറ് ഗുസ്തി താരങ്ങൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പോലിസ് കണ്ടെത്തൽ.

കേസിൽ ബ്രിജ് ഭൂഷണേയും സാക്ഷികളെയും വിസ്തരിക്കണമെന്നും ശിക്ഷിക്കണമെന്നും ഡൽഹി പോലീസ് കോടതിയോട് അഭ്യർത്ഥിക്കുന്നു. അന്വേഷണത്തിന്റെ ഭാഗമായി 108 സാക്ഷികളുമായി ഉദ്യോഗസ്ഥർ സംസാരിച്ചു. ഇതിൽ 15 പേർ പരിശീലകരാണെന്നും കുറ്റപത്രത്തിൽ പറയുന്നു. അന്വേഷണത്തിനിടെ റഫറിമാർ ഗുസ്തി താരങ്ങളുടെ ആരോപണങ്ങൾ ശരിവച്ചു.

സെക്ഷൻ 506, 354, 354 എ, 354 ഡി എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കുറ്റപത്രം തയ്യാറാക്കിയിരിക്കുന്നത്. ബ്രിജ് ഭൂഷൺ കുറ്റം ആവർത്തിച്ചിട്ടുണ്ടെന്നും ഡൽഹി പോലിസ് പറയുന്നു. ബ്രിജ് ഭൂഷണെതിരെ രജിസ്റ്റർ ചെയ്ത ആറ് കേസുകളിൽ രണ്ടെണ്ണത്തിൽ



സെക്ഷൻ 354, 354 എ, 354 ഡി എന്നിവ പ്രകാരമാണ് കേസെടുത്തത്. നാല് കേസുകളിൽ സെക്ഷൻ 354, 354എ എന്നിവ പ്രകാരവുമാണ് കേസ്. ഇത് അഞ്ച് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ആരോപണങ്ങളെല്ലാം ബ്രിജ് ഭൂഷൺ നിഷേധിച്ചതായി കുറ്റപത്രത്തിൽ പറയുന്നു. ആരോപണമുന്നയിച്ച ഗുസ്തി താരങ്ങളെ താൻ ഒരിക്കൽപോലും കണ്ടിട്ടില്ലെന്നും അവരുടെ ഫോൺ നമ്പറുകൾ തന്റെ കൈവശം ഇല്ലെന്നുമായിരുന്നു ബ്രിജ് ഭൂഷന്റെ വിശദീകരണം.

മോശം പെരുമാറ്റം, അനുവാദമില്ലാതെ സ്പർശനം, വസ്ത്രം അഴിച്ചുമാറ്റാൻ ശ്രമം തുടങ്ങി ഗുരുതരമായ ആരോപണങ്ങളാണ് വനിതാ ഗുസ്തി താരങ്ങൾ ഉന്നയിച്ചിരുന്നത്.ഡൽഹി പോലീസ് സമർപ്പിച്ച കുറ്റപത്രത്തിൽ ഫോട്ടോ, വീഡിയോ തെളിവുകളും ഉൾപ്പെടുന്നതായി നേരത്തെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

ആറ് വനിത ഗുസ്തിതാരങ്ങളുടെ പരാതിയിൽ നാലെണ്ണത്തിലും ഫോട്ടോ തെളിവുകളും മൂന്നെണ്ണത്തിൽ വീഡിയോ തെളിവുകളും പോലിസ് ഉൾപ്പെടുത്തിയിട്ടുണ്ട്. 1500 പേജുള്ള കുറ്റപത്രം ജൂൺ 14നാണ് ഡൽഹി പോലിസ് കോടതിയിൽ സമർപ്പിച്ചത്.

### വേണ്ടത് ഹൈസ്പീഡ് ട്രെയിൻ, ആദ്യം സെമി സ്പീഡ് ട്രെയിൻ; ഇ. ശ്രീധരന്റെ റിപ്പോർട്ട്

തിരുവനന്തപുരം: കെ.റെയിൽ പദ്ധതിയിൽ അടിമുടി മാറ്റം നിർദേശിച്ച് മെട്രോമാൻ ഇ. ശ്രീധരൻ. തന്റെ റിപ്പോർട്ട് സർക്കാറിന് കൈമാറി.

ആവശ്യം ഹൈസ്പീഡ് ട്രെയിൻ ആണെങ്കിലും ആദ്യം സ്പീഡ് ട്രെയിൻ നടപ്പാക്കി പിന്നീട് ഹൈസ്പീഡിലേക്ക് മതിയെന്നാണ് റിപ്പോർട്ട് കെ.വി തോമസ് മുഖ്യമന്ത്രിക്ക് കൈമാറി. കേന്ദ്രം ചുവപ്പ് സിഗ്നൽ കാണിച്ചതോടെ വിസ്മൃതിയിലായ കെ റെയിൽ പദ്ധതി വീണ്ടും സജീവമാക്കാനാണ് സർക്കാർ നീക്കം.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കെ വി തോമസ് ആവശ്യപ്പെട്ടതനുസരിച്ചാണ് മെട്രോമാന്റെ ബദൽ റിപ്പോർട്ട്. നിലവിലെ കെ റെയിൽ പദ്ധതി അപ്രായോഗികമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഡി.പി.ആർ തന്നെ മാറ്റണമെന്നും ഇ. ശ്രീധരൻ പറയുന്നു. തുരങ്കപാതയും



എലിവേറ്റഡ് പാതയുമാണ് മറ്റൊരു ബദൽ. ഇത് വഴി ചെലവ് വൻതോതിൽ കുറയും, ഭൂമി വൻതോതിൽ ഏറ്റെടുക്കേണ്ട. അതേസമയം വേഗത കൂട്ടാൻ സ്റ്റാൻഡേഡ് ഗേജ് ആക്കി തന്നെ നിലനിർത്തണമെന്നും ഇ. ശ്രീധരൻ നിർദേശിച്ചു.

ഇ.ശ്രീധരൻ നൽകിയ റിപ്പോർട്ട് ഇന്നലെയാണ് കെ.വി തോമസ് മുഖ്യമന്ത്രിക്ക് കൈമാറിയത്. പദ്ധതി രേഖയിൽ മാറ്റം വരുത്തിയാൽ പരിശോധിക്കാമെന്ന് നേരത്തെ റെയിൽവേ മന്ത്രിയും പറഞ്ഞിരുന്നു. കെ. റെയിൽ എന്തായാലും വരുമെന്ന് എല്ലായ്പ്പോഴും ആവർത്തിക്കുന്ന സർക്കാർ ഇനി മെട്രോമാന്റെ ശുപാർശ പ്രകാരം പദ്ധതി രേഖ പൊളിച്ചുപണിയുമോ എന്നാണ് അറിയേണ്ടത്.

ശ്രീധരന്റെ കേന്ദ്രത്തിലെ സ്വാധീനമടക്കം ഉപയോഗിക്കാനാണ് സർക്കാർ ശ്രമം.

### പനി ബാധിതർ കൂടുന്നു; ഇന്നലെ നാല് മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ നാല് പനി മരണം റിപ്പോർട്ട് ചെയ്തു. മരിച്ചവരിൽ ഒരാൾക്ക് എലിപ്പനിയും മറ്റൊരാൾക്ക് ഡെങ്കിപ്പനിയും സ്ഥിരീകരിച്ചു. മറ്റു രണ്ടുപേരിൽ ഒരാൾക്ക് ഡെങ്കിപ്പനിയും മറ്റൊരാൾക്ക് എലിപ്പനിയും സംശയിക്കുന്നു. ഇന്നലെ 13,248 പേരാണ് പനിക്ക് ചികിത്സ തേടിയത്. 10 പേർക്ക് എച്ച്1എൻ1 സ്ഥിരീകരിച്ചു. രണ്ട് പേർക്ക് മലേറിയയും സ്ഥിരീകരിച്ചിട്ടുണ്ട്. 77 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിക്കുകയും 257 പേർ ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടുകയും ചെയ്തു.

## പ്രളയക്കെടുതിയിൽ ഉത്തരേന്ത്യ; മരണം 37 ആയി, കോടികളുടെ നഷ്ടം

### മണിപ്പൂരിലേത് സർക്കാർ സ്പോൺസേർഡ് കലാപമെന്ന പ്രസ്താവന; ആനി രാജയ്ക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി

ന്യൂഡൽഹി: സി.പി.ഐ നേതാവ് ആനി രാജയ്ക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കേസടുത്ത് മണിപ്പൂർ പോലീസ്. മണിപ്പൂരിലേത് സർക്കാർ സ്പോൺസേർഡ് കലാപമാണെന്ന ആരോപണം ഉന്നയിച്ചതിനാണ് കേസ്. ആനി രാജയ്ക്ക് പുറമെ ദേശീയ വനിതാ ഫെഡറേഷന്റെ മറ്റ് രണ്ട് നേതാക്കൾക്കെതിരെയും കേസെടുത്തിട്ടുണ്ട്. ഇംഫാൽ സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

തങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ ഹനിക്കുന്നതിനുള്ള ശ്രമമാണ് കേസെന്ന് ആനി രാജ പറഞ്ഞു. കേസിൽ അത്ഭുതമൊന്നുമില്ല. വിഷയത്തെ നിയമപരമായും രാഷ്ട്രീയമായും നേരിടും. കേന്ദ്ര





സർക്കാർകൂടി പങ്കാളിയായ രഹസ്യ അജണ്ട മണിപ്പൂരിൽ നടപ്പാക്കപ്പെടുന്നുവെന്നും അവർ ആരോപിച്ചു.

രാഷ്ട്രപതിക്കും ഗവർണർക്കുമെതിരെ കലാപത്തിന് അഹ്വാനം ചെയ്തുവെന്ന് ചൂണ്ടിക്കാട്ടിയാണ് കേസ്. മണിപ്പൂർ വിഷയത്തിൽ ഇടപെടാതിരിക്കുന്ന സർക്കാറിന്റെ പരാജയം തുറന്നുകാട്ടിയതാണ് കേസെടുക്കുന്നതിലേക്ക് വഴിവെച്ചത്. കേസെടുത്തതുകൊണ്ട് പ്രസ്താവനകളിൽ നിന്ന് പിന്നാക്കം പോകില്ലെന്നും അവർ കൂട്ടിച്ചേർത്തു.

### മണാലിയിൽ കുടുങ്ങിയ മലയാളികൾ സുരക്ഷിതർ

ഡൽഹി: ഉത്തരേന്ത്യയിൽ കനത്ത മഴ തുടരുന്നു. മൂന്ന് ദിവസങ്ങളായുള്ള മഴക്കെടുതിയിൽ ഉത്തരേന്ത്യയിലാകെ 37 പേർ മരിച്ചു. നദികളായ ബ്യാസും സത്‌ലജുമെല്ലാം കരകവിഞ്ഞ് സമീപപ്രദേശങ്ങളിലെല്ലാം വെള്ളം പൊന്തി. പഞ്ചാബിലും ഹിമാചലിലും സൈന്യവും എൻ.ഡി.ആർ.എഫും രക്ഷാപ്രവർത്തനത്തിനായി രംഗത്തെത്തി.

ഹരിയാനയിലും ഡൽഹിയിലും വെള്ളപ്പൊക്ക മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. രാജസ്ഥാനിൽ 10 ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. പ്രളയക്കെടുതിയിൽ ഹിമാചലിൽ മാത്രം 4000 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് പ്രാഥമിക വിലയിരുത്തൽ. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഡൽഹി, ജമ്മു കശ്മീർ, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലാണ് മഴ വൻ നാശം വിതച്ചിരിക്കുന്നത്. ഇടതടവില്ലാതെ പെയ്തിറങ്ങിയ പേമാരിയിൽ ഹിമാചൽ പ്രദേശിലെ റോഡുകൾ, വൈദ്യുതി ട്രാൻസ്ഫോർമറുകൾ, സബ് സ്റ്റേഷനുകൾ, നിരവധി ജലവിതരണ പദ്ധതികൾ എന്നിവയുൾപ്പെടെ തകരാറിലായി. 4,686 ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുകൾ ഉണ്ടായതോടെ നൂറുകണക്കിന് ഗ്രാമങ്ങളാണ് ഇരുട്ടിലാക്കിയിരിക്കുന്നത്. മണാലി- ലേ ഹൈവേയ്ക്കും കഴിഞ്ഞദിവസം തകരാർ സംഭവിച്ചിരുന്നു.

ഇതോടെ ലാഹൗൾ- സ്പതീതി ജില്ലകളെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന റോഡ് കൂടിയാണ് ഇല്ലാതായത്. സ്പീതി, കുളു ജില്ലകളിൽ കുടുങ്ങിക്കിടക്കുന്ന മുന്നൂറോളം ടൂറിസ്റ്റുകളെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഹിമാചൽ പ്രദേശിലെ മണാലിയിൽ കുടുങ്ങിയ മലയാളി ഹൗസ് സർജന്മാർ സുരക്ഷിതരാണെന്നാണ് ലഭിക്കുന്ന വിവരം. കനത്ത മഴയിൽ ഉത്തരേന്ത്യയിൽ പല ഭാഗങ്ങളിലും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും ഉണ്ടായിട്ടുണ്ട്. നഗരങ്ങളിലും പട്ടണങ്ങളിലും നിരവധി റോഡുകളും കെട്ടിടങ്ങളും വെള്ളത്തിലാണ്. പഞ്ചാബിൽ വ്യാഴാഴ്ച വരെ സ്കൂളുകൾക്കും കോളേജുകൾക്കും അവധിയാണ്.


ഡൽഹിയിൽ സർക്കാർ പ്രളയ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. യമുന നദിയിലേക്ക് ഹരിയാന ഹത്നികുണ്ഡ് അണക്കെട്ടിൽ നിന്ന് ഒരു ലക്ഷം ക്യൂസെക്സിൽ വെള്ളം തുറന്നുവിട്ടതിന് പിന്നാലെയാണ് പ്രദേശത്ത് പ്രളയ സാധ്യതയ്ക്കുള്ള മുന്നറിയിപ്പ് നൽകിയത്. പ്രളയനിവാരണ വകുപ്പിന്റെ കണക്ക് പ്രകാരം 205.33 മീറ്ററായിരുന്നു തിങ്കളാഴ്ച വൈകുന്നേരം അഞ്ച് മണിയ്ക്ക് യമുന നദിയിലെ ജലനിരപ്പ്. ദുരന്തത്തിലുണ്ടായ നഷ്ടങ്ങളുടെ കണക്കെടുക്കാൻ പരിശ്രമിക്കുകയാണെന്ന് പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ പറഞ്ഞു. ഹരിയാനയിലുണ്ടായ മഴക്കെടുതിയിൽ നിരവധി റെയിൽ പാതകൾ, ദേശീയപാത, പാലങ്ങൾ, പവർ സ്റ്റേഷനുകൾ എന്നിവയ്ക്ക് കാര്യമായ തകരാർ സംഭവിച്ചിരുന്നു. മൂന്ന് കുട്ടികളുൾപ്പെടെ അഞ്ച് പേരാണ് കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്ത് മരിച്ചത്. അൻപതോളം ട്രെയിനുകളുടെ യാത്രയ്ക്കും പേമാരി തടസം സൃഷ്ടിച്ചിരുന്നു.

ഞായറാഴ്ച ഡൽഹിയിൽ 24 മണിക്കൂറിനുള്ളിൽ 153 മില്ലിമീറ്റർ മഴ രേഖപ്പെടുത്തിയതായാണ് കണക്ക്. 1982ന് ശേഷം ജൂലൈയിലെ ഒരു ദിവസത്തിൽ ഏറ്റവും ഉയർന്ന മഴയാണിതെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പടിഞ്ഞാറൻ അസ്വസ്ഥത (ഡിസ്റ്റർബൻസ്) യും മൺസൂൺ കാറ്റിന്റെ പ്രതിപ്രവർത്തനവുമാണ് കനത്ത മഴയുടെ പ്രധാന കാരണം. ഈ പ്രതിഭാസം ഹിമാചൽ പ്രദേശിന് മുകളിൽ സൃഷ്ടിച്ച വായുഗർത്തമാണ് ഹിമാചൽ പ്രദേശിന്റെയും ഉത്തരാഖണ്ഡിന്റെയും ചില ഭാഗങ്ങളിൽ കനത്ത മഴ പെയ്യിക്കുന്നതെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (ഐഎംഡി) സ്ഥിരീകരിച്ചു. ഈ ഇടപെടൽ ശക്തമായത് ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, വടക്കൻ പഞ്ചാബ്, ഹരിയാന, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് കാരണമായി. പടിഞ്ഞാറൻ അസ്വസ്ഥതയും മൺസൂൺ കാറ്റും തമ്മിലുള്ള ഈ പ്രതിപ്രവർത്തനം അടുത്ത 24-36 മണിക്കൂർ വരെ നിലനിൽക്കുമെന്നാണ് കണക്കാക്കുന്നത്. ഇത് വടക്കുപടിഞ്ഞാറൻ ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും കനത്ത മഴയ്ക്ക് കാരണമാകുമെന്ന് ഐഎംഡി പറയുന്നു.



### ലോറിയുമായി കൂട്ടിയിടിച്ചു ബസ് മറിഞ്ഞു; ഒരാൾ മരിച്ചു

കണ്ണൂർ: ജില്ലയിലെ തോട്ടടയിൽ ബസും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. 24ഓളം പേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെ 12.45ന് ആയിരുന്നു അപകടം. ബെംഗളൂരുവിൽ നിന്ന് പത്തനംതിട്ടയിലേക്ക് പോവുകയായിരുന്ന കല്ലട ബസും തലശ്ശേരിയിൽ നിന്ന് കണ്ണൂരിലേക്ക് മീൻ കയറ്റി വരികയായിരുന്ന മിനി കണ്ടെയ്നർ ലോറിയുമാണ് കൂട്ടിയിടിച്ചത്.ബസ് യാത്രക്കാരനാണ് മരിച്ചത്. ഇരുവാഹനത്തിലെയും ഡ്രൈവർമാർ അടക്കം 24 പേർക്കാണ് അപകടത്തിൽ പരുക്കേറ്റത്. ഇവ



**കണ്ണൂരിൽ ബസും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടം**

രെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. എട്ടു പേരുടെ നില ഗുരുതരമാണെന്നാണ് വിവരം. പരിക്കേറ്റ ഒരു സ്ത്രീക്ക് അടിയന്തിര ശസ്ത്രക്രിയ നടത്തി. അപകടത്തിൽ ബസ് മൂന്ന് തവണ തലകീഴായി മറിഞ്ഞെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. ബസിന്റെ പിന്നിലാണ് ലോറി ഇടിച്ചത്.

## മറുനാടൻ മലയാളിയെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ബാധ്യതയല്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ

തിരുവനന്തപുരം: ഓൺലൈൻ മാധ്യമമായ മറുനാടൻ മലയാളിയെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ബാധ്യതയല്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. മാധ്യമ പ്രവർത്തകരുടെ വീടുകൾ റെയ്ഡ് ചെയ്ത് അവരുടെ ഫോണുകൾ പിടിച്ചെടുക്കുന്നതിന് എതിരായാണ് സംസാരിച്ചതെന്നും സതീശൻ വിശദീകരിച്ചു. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി.വി. അൻവർ മുഖ്യധാരാ മാധ്യമങ്ങളിലെ മാധ്യമപ്രവർത്തകർക്കു നേരെ ആക്രോശിക്കുകയാണ്. അദ്ദേഹം സിപിഐഎമ്മിന്റെ എംഎൽഎയാണ്. സിപിഎമ്മിന്റെ അറിവോടെയാണോ അദ്ദേഹം ഇതു ചെയ്യുന്നത്. ഓരോ ദിവസവും ചെസ്റ്റ് നമ്പറിട്ട് ഓരോ മാധ്യമ സ്ഥാപനങ്ങളെ പൂട്ടിക്കും. പിന്നെ മുഖ്യധാരാ മാധ്യമങ്ങളിലെ മാധ്യമപ്രവർത്തകർക്കു നേരെ ഗുണ്ടകളെ പറഞ്ഞുവിടും. ഒരു എംഎൽഎ നടത്തുന്ന വെല്ലുവിളികളെ കുറിച്ച് ചോദിക്കേണ്ടേ?'- സതീശൻ ചോദിച്ചു.മറുനാടൻറെ കേസിൽ ഞങ്ങൾ വ്യക്തമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ആ കേസ് നടക്കട്ടെ. വേറൊരു എം.എൽ.എ പരാതി കൊടുത്തതല്ലേ. ഹൈക്കോടതിയും സുപ്രിം കോടതിയും കേസിൽ ഇടപെട്ടിട്ടുണ്ട്. കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾക്കെതിരെ എത്രയോ അപകീർത്തി കേസുകളുണ്ട്. അഭിഭാഷകരെ വച്ച് അവർ അതു നടത്തുന്നുമുണ്ട്. ഞങ്ങൾ മറുനാടനെ സംരക്ഷിക്കാൻ ഇറങ്ങിയതല്ല. മറുനാടനെ കുറിച്ച് ഞങ്ങൾക്കാണ് ഏറ്റവും കൂടുതൽ പരാതിയുള്ളത്. കാരണം രാഹുൽ ഗാന്ധിക്കും മല്ലികാർജ്ജുൻ ഖാർഗെയ്ക്കുമെതിരായി, എനിക്കെതിരായി, ടി.എൻ. പ്രതാപനെതിരായി, എത്രയോ കോൺഗ്രസ് നേതാക്കൾക്കെതിരായി അധിക്ഷേപകരമായ പരാമർശങ്ങൾ അവർ നടത്തിയിട്ടുണ്ട്. ഞാൻ നടത്തിയ ഇഫ്താർ പാർട്ടിയെ കുറിച്ചൊക്കെ വളരെ മോശമായാണ് അതിൽ വാർത്ത വന്നത്. ഞങ്ങളത് സഹിഷ്ണുതയോടു കൂടെ നേരിടും. ദുബായിലെ ഹോട്ടൽ ശൃംഖലയിൽ നിക്ഷേപമുണ്ടെന്ന് ദേശാഭിമാനിയിൽ വാർത്ത വന്നു. രാഷ്ട്രീയത്തിൽ ഇത്തരം അധിക്ഷേപങ്ങളൊക്കെ കേൾക്കേണ്ടിവരും. അതൊക്കെ ഇതിന്റെ ഭാഗമാണ്. അതിന്റെ പേരിൽ മാധ്യമപ്രവർത്തകരുടെ വീടുകൾ റെയ്ഡ് ചെയ്ത് അവരുടെ ഫോണുകൾ പിടിച്ചെടുക്കുന്നതിനെതിരെയാണ് ഞങ്ങൾ സംസാരിച്ചത്. അല്ലാതെ മറുനാടനെ സംരക്ഷിക്കുന്നത് ഞങ്ങളുടെ ജോലിയല്ല.' - അദ്ദേഹം കൂട്ടിച്ചേർത്തു.

തെറ്റ് മറുനാടൻ ചെയ്താൽ മാത്രമല്ല, അൻവർ ചെയ്താലും തെറ്റാണെന്ന് സതീശൻ പറഞ്ഞു. 'തെറ്റ് മുഖ്യധാരാ മാധ്യമങ്ങൾ ചെയ്താലും തെറ്റാണ്. അധിക്ഷേപങ്ങളോട് ഞങ്ങൾ യോജിക്കുന്നില്ല. കേരളത്തിൽ നടക്കുന്ന മാധ്യമവേട്ടയെ കുറിച്ച് യു.ഡി.എഫ് ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. അധിക്ഷേപിക്കുക എന്നത് സി.പി.എമ്മിൻറെ രീതിയാണ്. അവർക്ക് ചോദ്യങ്ങൾക്ക് മറുപടിയില്ല.' - സതീശൻ കുറ്റപ്പെടുത്തി.

### പി.വി. അൻവറിന്റെ കൈവശമുള്ള അനധികൃത ഭൂമി തിരിച്ചുപിടിച്ച് റിപ്പോർട്ട് നൽകണം; ഹൈക്കോടതി

കൊച്ചി: ഭൂപരിഷ്കരണ നിയമം ലംഘിച്ച് ഇടത് എംഎൽഎ പി.വി.അൻവറും കുടുംബവും കൈവശംവെച്ചിരിക്കുന്ന മിച്ചഭൂമി ഉടൻ തിരിച്ചുപിടിക്കണമെന്ന് ഹൈക്കോടതി. ഭൂമി തിരിച്ചുപിടിച്ച് റിപ്പോർട്ട് നൽകാനാണ് ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.ഭൂമി തിരിച്ചുപിടിക്കണമെന്ന് നേരത്തെ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ ഉത്തരവ് നടപ്പാക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണ് ഇപ്പോൾ ഹൈക്കോടതി ഉടൻ നടപടിയെടുക്കാൻ നിർദേശം നൽകിയിരിക്കുന്നത്. വിശദീകരണം സമർപ്പിക്കാൻ പത്ത് ദിവസത്തെ സാവാകാശം സർക്കാർ ആവശ്യപ്പെട്ടെങ്കിലും കോടതി അനുവദിച്ചില്ല.



അടുത്ത ചൊവ്വാഴ്ചയ്ക്കകം വിശദമായ സത്യവാങ്മൂലം സമർപ്പിക്കാനാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്.

ചട്ടം ലംഘിച്ച് പി.വി അൻവർ എം.എൽ.എയുടെയും കുടുംബാംഗങ്ങളുടെയും കൈവശമുള്ള മിച്ചഭൂമി ആറുമാസത്തിനുള്ളിൽ തിരിച്ചുപിടിക്കാൻ ഹൈക്കോടതി 2020 മാർച്ച് 20-ന് ഉത്തരവിട്ടിരുന്നു.

ഇതു നടപ്പാക്കിയില്ലെന്നാരോപിച്ച് നൽകിയ കോടതിയലക്ഷ്യ ഹർജിയിൽ അഞ്ചുമാസത്തിനുള്ളിൽ മിച്ചഭൂമി തിരിച്ചുപിടിക്കാൻ 2022 ജനുവരിയിൽ ഉത്തരവിട്ടിരുന്നു. ഇതും പാലിച്ചില്ലെന്നാരോപിച്ചാണ് പരാതിക്കാരൻ വീണ്ടും ഹൈക്കോടതിയെ സമീപിച്ചത്

# വിജയ്‌യുടെ രാഷ്ട്രീയ പ്രവേശനം; ഫാൻസ് അസോസിയേഷൻ യോഗം വിളിച്ച് താരം



ചെന്നൈ: തമിഴ് സൂപ്പർ താരം വിജയ് ചൊവ്വാഴ്ച ഫാൻസ് അസോസിയേഷൻ അംഗങ്ങളുടെ യോഗം വിളിച്ചു. രാവിലെ ഒൻപതിന് ചെന്നൈയിലെ വിജയ്‌യുടെ വീട്ടിൽ വച്ചാണ് യോഗം. അടുത്തിടെ നടന്ന ഹയർ സെക്കൻഡറി സ്കൂൾതല വിജയികളെ അനുമോദിക്കുന്ന ചടങ്ങിൽ രാഷ്ട്രീയ പ്രവേശന സൂചനകൾ നൽകിയതിന് പിന്നാലെയാണ് ഈ യോഗം.

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഫാൻസ് അസോസിയേഷൻ ആയ ദളപതി വിജയ് മക്കൾ ഇയക്കം (ടിവിഎംഐ) പ്രത്യേക പതാകയോ ചിഹ്നമോ ഇല്ലാതെ മത്സരിച്ചിരുന്നു. 169 അംഗങ്ങൾ മത്സരിച്ചതിൽ 115 പേരും തിരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയ പ്രവേശനത്തിനു മുമ്പുള്ള വിജയിയുടെ പരീക്ഷണമായി ഇതിനെ കാണുന്നുണ്ട്.

അതേസമയം നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങൾ എത്രത്തോളം വിജയിയുടെ രാഷ്ട്രീയ പ്രവേശനത്തിന് എത്രത്തോളം ഗുണകരമാവുമെന്ന് പറയാനാവില്ല. ജയലളിതയുടെ വിയോഗത്തോടെ എഡിഎംകെ ദുർബലമായിരിക്കുകയാണ്.

ഈ സാഹചര്യം പക്ഷെ കരുണാനിധിയുടെ പിൻഗാമിയായ സ്റ്റാലിന് ശക്തമായ അവസരം നൽകുകയും ചെയ്തു. ഡിഎംകെയുടെ ജനപ്രീതിയെ നേരിടാൻ വിജയ്ക്ക് സാധിക്കുമോ എന്ന് കണ്ടറിയണം. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയത്തിൽ അദ്ദേഹത്തിന്റെ നിലപാടുകൾ ഇനിയും വ്യക്തമാവേണ്ടതുണ്ട്.

പലവട്ടം സൂചനകൾ നൽകിയെങ്കിലും രാഷ്ട്രീയപ്രവേശനത്തെക്കുറിച്ച് കൃത്യമായ നിലപാട് അറിയിക്കാൻ വിജയ് ഇതുവരെ തയാറായിട്ടില്ല. ചൊവ്വാഴ്ചത്തെ യോഗത്തിനുശേഷം ഇക്കാര്യത്തിൽ വ്യക്തത വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# സി. പി. എം സെമിനാറിൽ പങ്കെടുക്കില്ലെന്ന നിലപാട് ലീഗ് തിരുത്തുമെന്നാണ് പ്രതീക്ഷ: ഇ. പി ജയരാജൻ

മുസ്ലിം ലീഗ് എൽ.ഡി.എഫിലേക്ക് വരുമോ എന്ന ചോദ്യത്തിന് എല്ലാം ശുഭമാകുമെന്ന മറുപടിയുമായി എൽ.ഡി.എഫ് കൺവീനർ ഇ.പി ജയരാജൻ. തങ്ങൾ കർമത്തിൽ വിശ്വസിക്കുന്നവരാണെന്നും ഇ.പി പറഞ്ഞു.

ഏക സിവിൽ കോഡിലൂടെ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള വർഗീയ ധ്രുവീകരണത്തിനാണ് ബി.ജെ.പി ശ്രമിക്കുന്നത്. കോഴിക്കോട്ടെ സെമിനാറിൽ ആർ. എസ്.എസിനെയും ജമാഅത്തെ ഇസ്ലാമിയെയും പങ്കെടുപ്പിക്കാൻ കഴിയില്ലെന്നും ഇ.പി ജയരാജൻ പറഞ്ഞു.

കോൺഗ്രസ് മൃദു ഹിന്ദുത്വ സമീപനമാണ് എക്കാലവും സ്വീകരിക്കുന്നത്. അതുകൊണ്ടാണ് കോൺഗ്രസിനെ ക്ഷണിക്കാതിരുന്നത്. അതവർ ഉപേക്ഷിച്ചാൽ അവരുമായും യോജിച്ച് പോകാൻ തയ്യാറാണ്. സെമിനാറിൽ പങ്കെടുക്കില്ലെന്ന നിലപാട് ലീഗ് തിരുത്തുമെന്നാണ് പ്രതീക്ഷ. ലീഗിനെ പങ്കെടുക്കണമെന്നാണ് എൽ.ഡി.എഫ് ആഗ്രഹിക്കുന്നത്.

ലീഗ് പിന്തുണയില്ലെങ്കിൽ കേരളത്തിലെ ഒരു മണ്ഡലത്തിലും യു.ഡി.എഫ് ജയിക്കില്ല. ഏക സിവിൽ കോഡിനെ സി.പി.എം നേതാക്കൾ അനുകൂലിച്ചു എന്നത് അബദ്ധ പ്രചാരണമാണെന്നും ഇ.പി പറഞ്ഞു.

# എൻജിൻ തകരാറിലായി; വന്ദേഭാരത് എക്സ്പ്രസ് കണ്ണൂരിൽ ഒരു മണിക്കൂറിലേറെ നേരം പിടിച്ചിട്ടു



സാങ്കേതിക തകരാറിനെ തുടർന്ന് കാസർകോട് നിന്നും തിരുവനന്തപുരത്തേക്ക് പുറപ്പെട്ട വന്ദേഭാരത് എക്സ്പ്രസ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ പിടിച്ചിട്ടു.

എൻജിൻ പ്രവർത്തിക്കാത്തതാണ് ട്രെയിൻ വഴിയിൽ കുടുങ്ങാൻ കാരണം. ഒരു മണിക്കൂറിലേറെ സമയം കണ്ണൂരിൽ പിടിച്ചിട്ട ശേഷം വൈകുന്നേരം അഞ്ച് മണിയോടെയാണ് ട്രെയിൻ സർവീസ് പുനരാരംഭിച്ചത്.

മൂന്നരയ്ക്ക് പുറപ്പെടേണ്ട ട്രെയിൻ അഞ്ച് മണിക്കാണ് കണ്ണൂരിൽ നിന്ന് പുറപ്പെട്ടത്. ഇലക്ട്രിക് ഡോർ അടയാതിരുന്നതാണ് പ്രശ്നമായതെന്ന് റെയിൽവേ പറയുന്നു.

എന്നാൽ കംപ്രസർ തകരാറിനെ തുടർന്ന് ട്രെയിനിന്റെ എൻജിൻ ഓഫാകുകയായിരുന്നു.

# കോഴിക്കോട് പാചകവാതകം ചോർന്ന് തീപിടിത്തം; അതിഥി തൊഴിലാളികൾക്ക് പൊള്ളൽ

കോഴിക്കോട് പന്തീരങ്കാവ് പുത്തൂർ മഠത്തിൽ അതിഥി തൊഴിലാളികൾ താമസിച്ച കെട്ടിടത്തിൽ പാചക വാതകം ചോർന്ന് തീപ്പിടിത്തം. സംഭവത്തിൽ രണ്ട് തൊഴിലാളികൾക്കു പൊള്ളലേറ്റു.

പെരിശ്ശേരി അഷ്‌റഫ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ രണ്ടാം നിലയിലാണ് അപകടം. കിടപ്പുമുറിയിൽ വച്ച് പാചകം ചെയ്യുന്നതിനിടെയാണ് അപകടമുണ്ടായത്. ഈ മുറിയിലുണ്ടായിരുന്ന രണ്ടു പേർക്കാണ് പരുക്കേറ്റത്. ഇതിൽ മുഹമ്മദ് യൂസഫ് (33) എന്നയാൾക്ക് ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്. സമീപവാസികൾ എത്തിയാണു തീ അണച്ചത്. ഒപ്പം തന്നെ പന്തീരാങ്കാവ് പൊലീസും മീഞ്ചന്ത അഗ്നിരക്ഷാ സേനയും സ്ഥലത്തെത്തി പരിശോധന നടത്തി.

## ഏക സിവിൽ കോഡിനുള്ള നീക്കം; ഒളിയജണ്ടകളെ തിരിച്ചറിയാനാകണം: വിസ്ഡം യൂത്ത്

കോഴിക്കോട്: രാജ്യത്ത് ഏക സിവിൽ കോഡ് നടപ്പാക്കാനുള്ള നീക്കത്തിന് പിന്നിലെ ഒളിയജണ്ടകളെ രാജ്യം തിരിച്ചറിയണമെന്നും വിഭജന താൽപര്യങ്ങളെ ജാഗ്രതയോടെ സമീപിക്കണമെന്നും വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിച്ച ജില്ലാ നേതൃ സംഗമം അഭിപ്രായപ്പെട്ടു. ജൂലൈ 23ന് നടക്കുന്ന ഖുർആൻ സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ നേതൃസംഗമം വിസ്ഡം യൂത്ത് ജില്ലാ സെക്രട്ടറി എ.എം ജംഷീർ ഉദ്ഘാടനം ചെയ്തു.


വിഭജന രാഷ്ട്രീയത്തിന്റെ വിവിധങ്ങളായ സാധ്യതകൾ പരീക്ഷിക്കുന്ന ഫാഷിസ്റ്റ് ശക്തികൾ രാജ്യത്തെ വൈവിധ്യങ്ങളെ പോലും നശിപ്പിക്കുകയാണെന്നും സംഗമം ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിതരണവും ഉപയോഗവും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും ബോധവൽക്കരണ രംഗത്ത് കൂടുതൽ ജാഗ്രത പുലർത്താനും സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

വിസ്ഡം യൂത്ത് ജില്ലാ വൈസ്. പ്രസിഡന്റ് അസ്ഹർ ഫറോക്ക് അധ്യക്ഷത വഹിച്ചു. ജില്ലാ ഭാരവാഹികളായ റഷീദ് പാലത്ത്, ജുബൈർ പറമ്പിൽ ബസാർ, സി.വി അസ്വീൽ, പി.പി ജംഷീർ, മുഫീദ് നന്മണ്ട എന്നിവർ സംസാരിച്ചു.

# മുതലപ്പൊഴി: അശാസ്ത്രീയത പരിഹരിക്കാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളണം'

കൊച്ചി: മുതലപ്പൊഴിയുടെ ആശാസ്ത്രീയത പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ എടുക്കാത്തതാണ് അപകടങ്ങൾ തുടരാൻ കാരണം എന്ന് കെ.എൽ.സി.എ സംസ്ഥാന സമിതി കുറ്റപ്പെടുത്തി. മനുഷ്യ ജീവൻ രക്ഷിക്കാൻ അലംഭാവം കാണിക്കുന്നതിനെതിരേ പ്രതിഷേധമുയരുമ്പോൾ പ്രതിഷേധിക്കുന്നവരെ ഒറ്റപ്പെടുത്തി ഭയപ്പെടുത്തി പിന്തിരിപ്പിക്കാൻ ഉള്ള ശ്രമം വിലപ്പോകില്ലെന്ന് കെ.എൽ. സി.എ. വിഴിഞ്ഞം സമരവുമായി ബന്ധപ്പെടുത്തി ഈ വിഷയത്തിൽ പ്രതിഷേധിക്കുന്നവരെ മന്ത്രി ശിവൻകുട്ടി പരാമർശിക്കുന്നത് തന്നെ ദുരുദ്ദേശപരമാണ്. സമരം ചെയ്യുന്നവരെയൊക്കെ കലാപ ആഹ്വാനം ചെയ്യുന്നവരെന്ന് പറയുന്നതിന് പകരം കടലിൽ പോയവരെ രക്ഷിക്കാനും അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉള്ള നടപടികൾ അടിയന്തരമായി കൊള്ളുകയാണ് വേണ്ടത്. പ്രദേശത്ത് വിദഗ്ധരായ കോസ്റ്റ് ഗാർഡുകളെ സ്ഥിരമായി നിയമിക്കാനുള്ള നടപടി അടിയന്തരമായി ഉണ്ടാവണം. പ്രതിഷേധിക്കുന്നവർക്കെതിരെ അനുചിതമായ പരാമർശങ്ങൾ നടത്തുന്ന മന്ത്രിമാർ സ്വയംവിമർശനത്തിന് വിധേയരാകണമെന്ന് കെ.എൽ.സി.എ സംസ്ഥാന ഭാരവാഹികൾ പറഞ്ഞു.

# ബൈക്കിൽ കണ്ടെയ്നർ ലോറിയിടിച്ച് നവവധു മരിച്ചു; ഭർത്താവിന് പരിക്ക്



പാലക്കാട്: വാളയാർ വടക്കഞ്ചേരി ദേശീയപാതയിൽ കണ്ടെയ്നർ ലോറിയും ഇരുചക്രവാഹനവും കൂട്ടിയിടിച്ച് നവവധു മരിച്ചു.

കുഴൽമന്ദം പുതുക്കോട് മുടിപറമ്പിൽ വീട്ടിൽ കാജാഹുസൈൻ മകൾ അനീഷ (19) ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ഭർത്താവ് ഷക്കീർ പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

തിങ്കളാഴ്ച രാവിലെ പത്തുമണിയോടെ പുതുശ്ശേരി കുരുടികാടിനു സമീപത്താണ് അപകടമുണ്ടായത്. കഴിഞ്ഞ ജൂൺ നാലിന് ആയിരുന്നു ഇവരുടെ വിവാഹം. നെന്മാറയിലുള്ള ബന്ധുവീട്ടിൽ പോയി മടങ്ങുമ്പോൾ ആണ് അപകടമുണ്ടായത്. കോയമ്പത്തൂർ ഉള്ള ഭർത്താവിന്റെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു ഇവർ. മാതാവ്: ആസിയ, സഹോദരിമാർ: അൻഫിയ, അൻസിയ, അൻസൽന.

# മാലിന്യം നിക്ഷേപിച്ചതിന് ഗ്രാമപഞ്ചായത്ത് പിഴ ചുമത്തി

കീഴരിയൂർ നമ്പ്രത്ത്കര സംസ്കൃതകോളേജിന് സമീപം മാലിന്യം നിക്ഷേപിച്ചതിന് ഗ്രാമപഞ്ചായത്ത് പിഴ ചുമത്തി. നസീർ പണിക്കരുകണ്ടി എന്നവർക്കാണ് 3000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അൻസാർ .കെ പിഴ ചുമത്തിയത്. നിക്ഷേപിച്ച മാലിന്യം പരിശോധിച്ച് ഉത്തരവാദിയെ കണ്ടെത്തി മാലിന്യം നീക്കം ചെയ്യിച്ച് പരിസരം മാലിന്യമുക്തമാക്കി. പഞ്ചായത്ത് മെമ്പർ മോളി, സുരേഷ്, പ്രദീപൻ എന്നിവർ നേതൃത്വം നൽകി.



കീഴരിയൂർ നമ്പ്രത്ത്കര സംസ്കൃതകോളേജിന് സമീപം നിക്ഷേപിച്ച മാലിന്യം



സർക്കാർ മലബാറിനോടുള്ള വിദ്യാഭ്യാസ വിവേചനത്തിനെതിരേ കോഴിക്കോട് സൗത്ത് മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റി സംഘടിപ്പിച്ച എ.ഇ.ഒ ഓഫിസ് ഉപരോധം ജില്ലാ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡണ്ട് എം.എ റസാക്ക് മാസ്റ്റർ ഉദ്ഘാടനം നിർവ്വഹിക്കുന്നു

# പ്ലസ് വൺ പ്രതിസന്ധി മലബാറിനോടുള്ള വിവേചനം അവസാനിപ്പിക്കുക: എം. എ. റസാഖ് മാസ്റ്റർ

കോഴിക്കോട്: വിദ്യാഭ്യാസ മേഖലയിൽ മലബാർ ജില്ലകളിലെ വിദ്യാർഥികളോട് സർക്കാർ കാണിക്കുന്ന കടുത്ത വിവേചനം അവസാനിപ്പിക്കണം എന്ന് മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം. എ. റസാഖ് മാസ്റ്റർ പറഞ്ഞു.

കോഴിക്കോട് സൗത്ത് മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റി സംഘടിപ്പിച്ച കോഴിക്കോട് സിറ്റി എ.ഇ.ഒ. ഓഫിസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്ലസ് വൺ ക്ലാസ്സ് ആരംഭിച്ചിട്ടും ഉന്നത വിജയം കൈവരിച്ച് ഉപരി പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് മലബാർ മേഖലയിൽ പുറത്ത് നിൽക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ആവശ്യമായ ബാച്ചുകൾ വർധിപ്പിക്കാതെ തുടർപഠനത്തിന് അവസരം നിഷേധിക്കുകന്ന സർക്കാരിന്റെ സമീപനം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശ നിഷേധമാണ് എന്ന് കൂടി അദ്ദേഹം കൂട്ടിച്ചേർത്തു.

മണ്ഡലം പ്രസിഡണ്ട് പി.സക്കീർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എം. എ. നിസാർ സ്വാഗതം പറഞ്ഞു. ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് എം.എ . റസാഖ് മാസ്റ്റർ ഉദ്ഘാടനം നിർവ്വഹിച്ചു.

കെ.മൊയ്തീൻകോയ, എസ്.വി.അർശുൽ അഹമ്മദ്, പി.വി.അവറാൻ, സ്വാഹിബ് മുഹമ്മദ്, എ.ടി.മൊയ്തീൻ കോയ, എൻ.വി.കോയ മോൻ, എം.പി.മൊയ്തീൻ ബാബു, എൻ.സി.സമിർ, ഇ.പി അഷറഫ്, സി.പി.സക്കീർ, കെ.പി.നൗഫൽ, കെ.വി.മൻസൂർ, എം.സി റാജ്, സി.ടി.സക്കീർ ഹുസൈൻ ,ഫസൽ കൊമ്മേരി എന്നിവർ പ്രസംഗിച്ചു പി.വി ഷംസുദ്ദീൻ, പി.ടി. ആലി, എം.പി കോയട്ടി, എം.വി നജീബ്, എം.മുഹമ്മദ് മദനി, കെ.ടി.ബാവ, കെ.ടി.കുഞ്ഞിമോൻ എന്നിവർ നേതൃത്വം നൽകി. സമരക്കാരെ പോലിസ് അറസ്റ്റ് ചെയ്ത് മാറ്റി.

# 'കുടുംബ സംവിധാനങ്ങളെ തകർക്കുന്നവരെ സമൂഹം കരുതിയിരിക്കണം'

ചെറുവണ്ണൂർ: വർദ്ധിച്ചുവരുന്ന ലിബറലിസവും മതനിരാസവും കുടുംബ സംവിധാനങ്ങളെ തകർക്കുന്നുവെന്ന് വിസ്ഡം ചെറുവണ്ണൂർ ഫാമിലി മീറ്റ് അഭിപ്രായപ്പെട്ടു. ഇത്തരം പ്രവണതകൾക്കെതിരെ സമൂഹം ജാഗ്രത പാലിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. സംഗമത്തിൽ പീസ് റേഡിയോ സി.ഇ.ഒ പ്രൊഫസർ ഹാരിസ് ബിൻ സലീമിന്റെ നേതൃത്വത്തിൽ ഫാമിലി കൗൺസിലിംഗ് ക്ലാസ് നടന്നു. പ്രദേശത്തെ നൂറുകണക്കിന് കുടുംബങ്ങൾ പങ്കെടുത്ത പരിപാടിയിൽ സംശയനിവാരണ സെഷനും കുട്ടികൾക്കായി കൗതുക കൂട്ടം പരിപാടിയും സംഘടിപ്പിച്ചു.റിയാസ് ചെറുവണ്ണൂർ അധ്യക്ഷത വഹിച്ച പരിപാടി വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ബേപ്പൂർ മണ്ഡലം പ്രസിഡന്റ് സാദിഖ് അരീക്കാട് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഓർഗനൈസേഷൻ ചെറുവണ്ണൂർ യൂണിറ്റ് പ്രസിഡന്റ് വി. അഹമ്മദ് കോയ, വിസ്ഡം യൂത്ത് യൂണിറ്റ് പ്രസിഡന്റ് നിർജീഷ് അബ്ദുൽ ഖാദർ, വിസ്ഡം സ്റ്റുഡൻസ് യൂണിറ്റ് പ്രസിഡന്റ് ഹാദി മൊയ്തു, വിസ്ഡം സ്റ്റുഡൻസ് യൂണിറ്റ് സെക്രട്ടറി മുഹമ്മദ് അക്സൽ തുടങ്ങിയവർ സംഗമത്തിന് നേതൃത്വം നൽകി.

# സർക്കാരും ലത്തീൻ സഭയും വീണ്ടും പോരിലേക്ക്

തിരുവനന്തപുരം മുതലപ്പൊഴിയിലുണ്ടായ അപകടത്തിനു പിന്നാലെ സർക്കാരും ലത്തീൻ അതിരൂപതയും വീണ്ടും പോരിലേക്ക്. മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞുണ്ടായ അപകടത്തിന് പിന്നാലെ സ്ഥലത്തെത്തിയ മന്ത്രിമാരെ മത്സ്യത്തൊഴിലാളികൾ തടഞ്ഞതുമായി ബന്ധപ്പെട്ട് ആരോപണ പ്രത്യാരോപണങ്ങൾ ഉയർന്നതോടെയാണ് സർക്കാരും ലത്തീൻ അതിരൂപതയും തമ്മിൽ വീണ്ടും പോരിനുള്ള സാഹചര്യം ഉടലെടുത്തത്. മുതലപ്പൊഴിയിലെ സംഭവ വികാസങ്ങളും മന്ത്രിമാരുടെ പ്രതികരണങ്ങളും ചർച്ചയായതോടെ മന്ത്രി വി.ശിവൻകുട്ടിയുടെ ഓഫിസിൽ നിന്ന് പുറത്തിറക്കിയ വാർത്താകുറിപ്പാണ് പുതിയ വിവാദത്തിന് തിരികൊളുത്തിയത്. മന്ത്രിമാരെ തടയാൻ ആഹ്വാനം ചെയ്തത് ലത്തീൻ അതിരൂപത വികാരി ജനറൽ ഫാ യൂജിൻ പെരേരയെന്നായിരുന്നു വാർത്താകുറിപ്പിലെ ആരോപണം. മുതലപ്പൊഴിയിൽ നിന്ന് തിരുവനന്തപുരത്ത് എത്തിയ ശേഷം, വിഴിഞ്ഞം തുറമുഖത്തിനെതിരായ സമരം പൊളിഞ്ഞതിലുള്ള ദേഷ്യമാണോ മന്ത്രിമാരോട് തീർത്തത് എന്ന് അറിയില്ലെന്നും ശിവൻകുട്ടി പ്രതികരിച്ചിരുന്നു ഇതിനു മറുപടിയുമായി ഫാ.യൂജിൻ പേരേര തന്നെ രംഗത്തെത്തി. ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്ന് നിരുത്തവാദ പ്രസ്താവന നടത്തരുതെന്നും അദ്ദേഹം പറഞ്ഞു. ഷോ കാണിക്കരുതെന്നാണ് മന്ത്രിമാർ പറഞ്ഞത്. ആന്റണി രാജുവും മത്സ്യത്തൊഴിലാളികളോട് ക്ഷുഭിതനായി സംസാരിച്ചു. കൈയിലിരിക്കുന്ന പവർ പോകുമ്പോഴാണ് ഇത്തരം പ്രസ്താവനകളെന്നും ഫാദർ യൂജിൻ പെരേര പറഞ്ഞു. വിഴിഞ്ഞം സമരം ആസൂത്രിതമായി അട്ടിമറിക്കാനാണ് സർക്കാർ ശ്രമിച്ചത്.

വിഴിഞ്ഞത്ത് നടന്ന കാര്യങ്ങളെ കുറിച്ച് സഭ ഒരു പുസ്തകം പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിഴിഞ്ഞം തുറമുഖ വിരുദ്ധ സമരത്തെ തുടർന്ന് രൂക്ഷമായിരുന്ന സർക്കാർ ലത്തീൻ അതിരൂപത പോര് ഏതാനും മാസങ്ങളായി ശാന്തമായ സ്ഥിതിയിലായിരുന്നു.

# സ്കൂട്ടറിലെത്തിയ യുവാവ് വൃദ്ധയുടെ മാല പൊട്ടിച്ചു

വടക്കഞ്ചേരി :പന്നിയങ്കരയിൽ സ്കൂട്ടറിലെത്തിയ യുവാവ് വയോധികയുടെ രണ്ട് പവന്റെ മാലപൊട്ടിച്ച് കടന്ന് കളഞ്ഞു. പന്നിയങ്കര കാഞ്ഞിരംകുളം വീട്ടിൽ വെള്ളക്കുട്ടി (80) യുടെ മാലയാണ് കവർന്നത്.

ഇന്നലെ രാവിലെ 7.40നാണ് സംഭവം. ദേശീയപാത സർവിസ് റോഡിലൂടെ നടന്ന് പോവുകയായിരുന്ന വെള്ളക്കുട്ടിയുടെ കഴുത്തിലെ മാല പിടിച്ച് പറിക്കുകയായിരുന്നു. പിടിവലിക്കിടയിൽ മാലയുടെ ഒരു കഷണം വെള്ളക്കുട്ടിയുടെ കൈയിലും കിട്ടി. കവർച്ചയെ തുടർന്ന് കണ്ണമ്പ്ര വാമല ഭാഗത്തേക്ക് പ്രതി നീല കളർ സ്കൂട്ടറിൽ രക്ഷപ്പെടുന്നതിന്റെ ദൃശ്യങ്ങൾ സി.സി.ടി.വിയിൽനിന്നും ലഭിച്ചു. ഈ ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് വടക്കഞ്ചേരി പൊലിസ് അന്വേഷണം നടത്തുന്നത്.


ദൃശ്യങ്ങളിൽ പതിഞ്ഞിട്ടുള്ള പ്രതി സഞ്ചരിച്ചതായുള്ള സ്കൂട്ടർ തൃശൂർ ജില്ലയിലെ ആളൂരിൽ നിന്നും തിങ്കളാഴ്ച കാലത്ത് കളവുപോയ കെ.എൽ.45 ക്യു 8226 ഹോണ്ട എവിയറ്റർ സ്കൂട്ടർ ആണെന്നും പൊലിസ് കണ്ടെത്തിയിട്ടുണ്ടെന്നും പ്രതിയെ കുറിച്ച് സൂചന ലഭിച്ചിട്ടുണ്ടെന്നുമാണ് വിവരം.

## ആന്റിബയോട്ടിക്സിന്റെ ദുരുപയോഗവും ദൂഷ്യഫലങ്ങളും ബോധവൽക്കരണം

ചെങ്ങന്നൂർ: മൃഗസംരക്ഷണ വകുപ്പ് ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വെച്ച് 'ആന്റിബയോറ്റിക്സിന്റെ ദുരുപയോഗവും ദൂഷ്യഫലങ്ങളും' എന്ന വിഷയത്തിൽ ഒരു ദിവസത്തെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. ജൂലൈ 19 ബുധനാഴ്ചയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഓഫിസ് സമയങ്ങളിൽ 0479-2457778, 0479-2452277എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്ത് നമ്പർ വാങ്ങേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ സർക്കാർ അവധി പ്രഖ്യാപിക്കുകയോ, രാഷ്ട്രീയപാർട്ടികൾ, സംഘടനകൾ തുടങ്ങിയവർ ജനജീവിതത്തെ ബാധിക്കുന്ന തരത്തിൽ ഹർത്താൽ നടത്തുകയോ ചെയ്താൽ അറിയിച്ചിരിക്കുന്ന തീയതിയുടെ തൊട്ടടുത്ത പ്രവൃത്തി ദിവസം പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

### ഓൺലൈൻ ആർ. ടി. ഐ പോർട്ടൽ സ്ഥാപിച്ചു എന്ന് കേരള സർക്കാർ സുപ്രീം കോടതിയിൽ

# പ്രവാസി ലീഗൽ സെല്ലിന്റെ നിയമ നടപടിയിൽ പ്രവാസികൾക്ക് നീതി




കുവൈറ്റ് സിറ്റി: കേരളത്തിൽ ഓൺലൈൻ ആർ.ടി.ഐ പോർട്ടൽ സ്ഥാപിച്ചു എന്നു കേരള സർക്കാർ സുപ്രീം കോടതിയിൽ. പ്രവാസി ലീഗൽ സെല്ലിന്റെ നിയമ നടപടിയിൽ പ്രവാസികൾക്ക് നീതി ലഭിക്കാൻ അവസരം ലഭിക്കും. കേരളമുൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും മൂന്നു മാസത്തിനകം ഓൺലൈൻ വിവരാവകാശ പോർട്ടൽ സ്ഥാപിക്കണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിലാണ് കേരള സർക്കാർ നടപടി.

ഓൺലൈൻ പോർട്ടലിന്റെ അഭാവത്തിൽ വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാകണമെങ്കിൽ നേരിട്ടോ തപാൽ മുഖാന്തിരമോ വേണം അപേക്ഷ നൽകുവാൻ. ഇതുമൂലം ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നവർ പ്രവാസികളാണ്. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി ഓൺലൈൻ ആർ.ടി.ഐ പോർട്ടലുകൾ ഉണ്ടെങ്കിലും സംസ്ഥാനങ്ങളിൽ ഓൺലൈൻ ആർ.ടി.ഐ പോർട്ടലുകൾ നിലവിലില്ല.

സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമെന്ന പെരുമ പറയുന്ന കേരളത്തിലും ഓൺലൈൻ ആർ.ടി.ഐ പോർട്ടലുകൾ ഇല്ലാത്തതിനെ തുടർന്നാണ് പ്രവാസി ലീഗൽ സെൽ പ്രസിഡന്റ് അഡ്വ. ജോസ് എബ്രഹാം മുഖേന സുപ്രീം കോടതിയെ സമീപിച്ചത്.

പ്രവാസികളെ നിയമപരമായി ശാക്തീകരിക്കുന്നതിനായി കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി പ്രവർത്തിക്കുന്ന സംഘടനയാണ് പ്രവാസി ലീഗൽ സെൽ. കോവിഡ് കാലത്ത് റദ്ദ് ചെയ്യപ്പെട്ട വിമാനടിക്കറ്റുകളുടെ റീഫണ്ട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സുപ്രീം കോടതിയിൽ നിന്നും പ്രവാസികൾക്കനുകൂലമായി നിരവധി കോടതിവിധികൾ നേടിയെടുത്തിട്ടുള്ള സംഘടനയാണ് പ്രവാസി ലീഗൽ സെൽ.

അർഹരായ പ്രവാസികൾക്ക് വിദേശരാജ്യത്തും ഇന്ത്യൻ മിഷനുകളിലൂടെ സൗജന്യ നിയമസഹായം ഉൾപ്പെടെയുള്ള കേസുകൾ ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണയിലുമാണ്.തുടർന്നും ഇത്തരം നടപടികളുമായി മുൻപോട്ടു പോകുമെന്നും പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് എബ്രഹാം, പ്രവാസി ലീഗൽ സെൽ കുവൈറ്റ് ജനറൽ സെക്രട്ടറി ബിജു സ്റ്റീഫൻ, കോർഡിനേറ്റർ അനിൽ മൂടാടി എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു.

# ഭർതൃമാതാവിനെ മരുമകൾ വെട്ടിക്കൊലപ്പെടുത്തി

മൂവാറ്റുപുഴ: ഭർതൃമാതാവിനെ . മരുമകൾ വെട്ടിക്കൊലപ്പെടുത്തി. മൂവാറ്റുപുഴ വാളകം മേക്കടമ്പ് അമ്പല്ലൂർ ക്ഷേത്രത്തിനു സമീപം ലക്ഷംവീട് കോളനി യിൽ താമസിക്കുന്ന നിലന്താനത്ത് പരേതനായ പതാരിയുടെ ഭാര്യ അമ്മിണി (85) ആണ് കൊല്ലപ്പെട്ടത്.

സംഭവത്തിൽ മരുമകളായ പങ്കജ (55)ത്തിനെ മൂവാറ്റുപുഴ പൊലീസ് കസ്റ്റഡിയിലെടുത്തു. അമ്മിണിയുടെ തലയിലും കഴുത്തിലുമാണ് മുറിവേറ്റത്. ഞായറാഴ്ച രാത്രിയിലാണ് സംഭവം. കൊലക്ക് ശേഷം രാത്രിയിൽ സഹോദരന്റെ വീട്ടിലെത്തിയ പങ്കജം തന്നെ കൊലപാതകം വിവരം പറയുകയായിരുന്നു. തുടർന്നാണ് നാട്ടുകാർ വിവരം അറിഞ്ഞത്. കൊലപാതക സമയം അമ്മിണിയും പങ്കജവും മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്. 2 ദിവസം മുമ്പ് ഇവർ തമ്മിൽ രൂക്ഷമായ വാക്കേറ്റവും വഴക്കും നടനിരുന്നു ഇതാണ് കൊലപാതകത്തിലേക്ക് നയിക്കാൻ കാരണമായതെന്ന് പോലിസ് പറഞ്ഞു. മാനസിക വിഭ്രാന്തി ഉണ്ടാകാറുള്ള പങ്കജം മാനസിക രോഗത്തിന് ചികിത്സയിലായിരുന്നുവെന്ന് നാട്ടുകാർ പറയുന്നു. ഇരുവരും തമ്മിൽ പലപ്പോഴും വാക്കുതർക്കവും വഴക്കുകൾ ഉണ്ടാകാറുണ്ടെങ്കിലും ഇവർ തമ്മിൽ സൗഹൃദത്തിലായിരുന്നുവെന്നും നാട്ടുകാർ പറയുന്നു.

പൊലീസെത്തി മൃതദേഹം മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെത്തിക്കുകയായിരുന്നു. പോസ്റ്റ് മോർട്ടത്തിനുശേഷം പിറവം പൊതുസ്മശാനത്തിൽ മൃദുദേഹം സംസ്ക്കരിച്ചു. ഏക മകൻ പ്രസാദ്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു.

## ബഹുസ്വരത ഭാരതത്തിന്റെ പാരമ്പര്യം: ഗവർണർ




**ഭാഷാസമന്വയ വേദി അംഗങ്ങൾ പരിഭാഷപ്പെടുത്തിയ മൈഥിലി കഥകളുടെ സമാഹാരം ഗവർണർ പ്രകാശനം ചെയ്യുന്നു**

കോഴിക്കോട്: ബഹുസ്വരത ചിരകാലമായി ഭാരതത്തിന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ഭാഗമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. ഭാഷകളെ കൂട്ടിയിണക്കുന്ന വിവർത്തകർ സംസ്കാരത്തിന്റെയും ജീവിതമൂല്യങ്ങളുടെയും സംരക്ഷകരാണ്. അപരിചിത ഭാഷകളിലെ നിധികൾ സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്ന ദൗത്യമാണ് വിവർത്തകർ ഏറ്റെടുത്തിരിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഭക്തി കാലഘട്ടത്തിൽ സംസ്കൃതത്തിലെ നിധികൾ സാധാരണക്കാരിലേക്കെത്തിച്ചത് വ്യത്യസ്ത ഭാഷകളിലെ കവികളാണ്. ഇവർ ഒരേ കാലഘട്ടത്തിൽ ഒരേ സാംസ്കാരിക ധാര പ്രസരിപ്പിച്ച വരായിരുന്നുവെന്ന് തുളസി, കബീർ, ജ്ഞാനേശ്വർ, തുക്കാറാം എന്നിവരെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വിലയിരുത്തി.

കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ഭാഷാ സമന്വയ വേദി സംഘടിപ്പിച്ച സാംസ്കാരിക സമന്വയം വിവർത്തനത്തിലൂടെ എന്ന ചർച്ച ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാഷാസമന്വയ വേദി അംഗങ്ങൾ പരിഭാഷപ്പെടുത്തിയ മൈഥിലി കഥകളുടെ സമാഹാരം ഡോ. ആർസുവിന് ആദ്യ പ്രതി നൽകി ഗവർണർ പ്രകാശനം ചെയ്തു. ചടങ്ങിൽ ഡോ. ആർസു അധ്യക്ഷനായിരുന്നു. ഭരണഘടന തയ്യാറാക്കിയപ്പോൾ ആദ്യകാലത്ത് എട്ടാം പട്ടികയിൽ ഉൾപ്പെടുത്താതിരുന്ന ഭാഷകളിൽ നിന്നുള്ള സാഹിത്യകൃതികൾ മലയാളത്തിലേക്ക് പരിചയപ്പെടുത്തുന്ന പ്രോജക്ട് ഭാഷാ സമന്വയവേദി ഏറ്റെടുത്തിരിക്കുകയാണന്ന് അദ്ദേഹം പറഞ്ഞു. പുസ്തകത്തിന്റെ എഡിറ്റർ ഡോ. പി.കെ രാധാമണി, പ്രസാധകൻ എൻ.ഇ മനോഹർ, ഭാഷാസമന്വയവേദി സെക്രട്ടറി ഡോ.ഒ.വാസവൻ സംസാരിച്ചു. ടി.സുമിന, സഫിയ നരിമുക്കിൽ, ഡോ.പി. സംഗീത എന്നിവർ വിവർത്തനാനുഭവങ്ങൾ പങ്കുവച്ചു. ഡോ. ഇ.കെ. സ്വർണ്ണകുമാരി, കെ.ജി രഘുനാഥ്, പി.ടി രാജലക്ഷ്മി, ഡോ. സി. സേതുമാധവൻ, ഒ.കഞ്ഞിക്കണാരൻ, കെ. വാരിജാക്ഷൻ, കെ.എം വേണുഗോപാൽ, കെ.കെ സദാനന്ദൻ എന്നിവർ പ്രസംഗിച്ചു.

# തലച്ചോറ് തിന്നുന്ന അമീബ: തടയാൻ സ്വയം പ്രതിരോധം മാത്രം



തലച്ചോറ് തിന്നുന്ന അമീബ ബാധിച്ച് ഒരു കുട്ടി മരിച്ചതിൽ ബോധവൽക്കരണം നടക്കുന്നുണ്ടെങ്കിലും ആശങ്ക ഒഴിയുന്നില്ല. സ്വയം പ്രതിരോധം മാത്രമേ അണുബാധ തടയാൻ പ്രതിവിധിയായിട്ടുള്ളൂ എന്നാണ് അധികൃതർ പറയുന്നത്. കെട്ടിക്കിടക്കുന്ന കുളങ്ങളിലും മലിന ജലത്തിലും അമീബയുടെ സാന്നിധ്യമുണ്ടാകാമെന്ന മുന്നറിയിപ്പും നൽകുന്നുണ്ട്. എന്നാൽ ഇ കോളി എന്നയിനം ബാക്ടീരിയ ആണ് ഈ അമീബയുടെ ഭക്ഷ്യവസ്തു എന്നതിനാൽ ത്തന്നെ കുളങ്ങളും മറ്റും ശുദ്ധീകരിക്കേണ്ടതിലാണ് ശ്രദ്ധ ഊന്നേണ്ടതെന്നും ആരോഗ്യ വിഭാഗം അധികൃതർ ചൂണ്ടിക്കാട്ടുന്നു. കുട്ടനാട് മേഖലയിലെ കായലിൽ ഇ കോളി ബാക്ടീരിയയുടെ സാന്നിധ്യം നേരത്തെതന്നെ സ്ഥിരീകരിച്ചിട്ടുള്ളതാണ്. കക്കൂസ് മാലിന്യമുൾപ്പെടെ കായലിൽ പല വിധേന എത്തുന്നതിനാലാണ് ഈ ബാക്ടീരിയ പെരുകുന്നത്. ഇതുവഴി അമീബയുടെ സാന്നിധ്യം തോടുകൾ വിട്ട് മറ്റ് മേഖലകളിലേക്കെത്തുമോ എന്നതാണ് ആശങ്ക. അതേസമയം, മൂക്കിലൂടെ വെള്ളം കയറിയാൽ മാത്രമേ രോഗകാരിയായ അമീബ തലച്ചോറിലെത്തുകയുള്ളൂ എന്ന് അധികൃതർ ബോധവൽക്കരിക്കുന്നുണ്ട്. മുങ്ങിക്കുളിച്ചാൽ മാത്രമേ അണുബാധയുണ്ടാകൂ എന്നതിൽ ആശ്വസിക്കുമ്പോഴും അമീബയെ തടയാൻ മറ്റ് മാർഗങ്ങളില്ലെന്നതാണ് വസ്തുത. ക്ലോറിനേഷൻ വഴി അമീബയെ നിയന്ത്രിക്കാമെങ്കിലും കായൽ പോലെ വലിയ ജലസംഭരണ കേന്ദ്രങ്ങൾ ശുദ്ധീകരിക്കുക പ്രായോഗികമല്ലെന്ന് അധികൃതർ പറയുന്നു. മലിനമാകാതെ ജലസംഭരണ കേന്ദ്രങ്ങൾ സൂക്ഷിക്കുക എന്നതാണ് പോംവഴി. എന്നാൽ അണുബാധ ലക്ഷണങ്ങൾക്കു മുമ്പ് അമീബയുടെ സാന്നിധ്യം കണ്ടുപിടിക്കാനുള്ള സംവിധാനങ്ങൾ നിലവിലില്ലെന്ന് അധികൃതർ വിശദീകരിക്കുന്നു. ഒരാഴ്ചയ്ക്കകം അണുബാധ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുമെന്നാണ് ആരോഗ്യവകുപ്പ് വൃത്തങ്ങൾ പറയുന്നത്. 2017ൽ സ്ഥിരീകരിച്ച ശേഷം ഇത്രയും വർഷം അണുബാധ ഉണ്ടാകാതിരുന്നതെന്താണെന്നതും വിശദീകരിക്കാൻ കഴിയുന്നതല്ലെന്ന് ബന്ധപ്പെട്ടവർ പറയുന്നു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അധികൃതർ പറയുന്നത് നിരവധി പേർ കായലിലും തോടുകളിലും കുളിക്കുന്നുണ്ടെന്നും അവർക്കൊന്നും അണുബാധ ഉണ്ടായിട്ടില്ലെന്നതും ചൂണ്ടിക്കാട്ടിയാണ്. അതിനിടെ മരിച്ച 15കാരനൊപ്പം ചേർത്തലയിലെ പൂച്ചാക്കൽ തോട്ടിൽ കുളിച്ച മറ്റ് കുട്ടികൾ ഇപ്പോഴും നിരീക്ഷണത്തിലാണെന്ന് ആരോഗ്യവകുപ്പ് വൃത്തങ്ങൾ പറഞ്ഞു.

## മാഹിയിലെ മാലിന്യശേഖരണം പുനഃസ്ഥാപിക്കുക

മയ്യഴിയിലെ വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും പതിവായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നത് നിർത്തിവച്ച നടപടിയിൽ ജോയന്റ് ഫോറം ഓഫ് റസിഡന്റ്സ് അസ്സോസിയേഷൻസ്, മാഹിയു പ്രവർത്തക സമിതി യോഗം പ്രതിഷേധിച്ചു.

കരാർ കാലാവധി അവസാനിക്കുന്നതിനു മുൻപായി തുടർനടപടികൾ സ്വീകരിക്കാത്ത മുനിസിപാലിറ്റി ഉദ്യോഗസ്ഥന്മാരുടെ നിഷേധാത്മക നിലപാടിനെയും യോഗം വിമർശിച്ചു.യോഗത്തിൽ എം.പി ശിവദാസൻ അധ്യക്ഷം വഹിച്ചു.

പി.വി ചന്ദ്രദാസ്, ഷാജി പിണക്കാട്ട്, ഇബ്രാഹിം കുട്ടി, എം.ശ്രീജയൻ, രസ്നാ അരുൺ, റീനാ അനിൽ എന്നിവർ സംസാരിച്ചു. ഷിനോജ് രാമചന്ദ്രൻ സ്വാഗതവും സുജിത്ത് കുമാർ കൃതജ്ഞതയും രേഖപ്പെടുത്തി.

## മണിപ്പൂർ വംശീയ കലാപത്തിനെതിരെ: എൽഡിഎഫ് ലഘുലേഖ വിതരണം

ഇരിട്ടി :മണിപ്പൂർ വംശീയ കലാപത്തിനെതിരെ നടക്കുന്ന ബഹുജന കൂട്ടായ്മയുടെ ഭാഗമായി എൽഡിഎഫ് നേതൃത്വത്തിൽ ഇരിട്ടി മേഖലയിൽ ലഘുലേഖ വിതരണം നടത്തി നുച്യാട് മണിക്കടവിൽ സിപിഎം ജില്ലാ കമ്മിറ്റി അംഗംബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. ആനറ, അമേരിക്കൻ പാറ, മണിപ്പാറ, മുണ്ടാനൂർ, തേർമല എന്നിവടങ്ങളിൽ കോമള ലക്ഷ്മണൻ, ഉഷാദ് പി വി, ഷാജി കെ എസ്, സേവ്യർ പി ഡി, രാജേഷ് താപ്രവൻ, ഡയസ് തോമസ്, സണ്ണി, രാമകൃഷ്ണൻ ജിൻസ് തോമസ്, സി എസ് രാജൻ കേരള കോൺഗ്രസ്സ് (എം ), സാബു വെട്ടിയോലിൽ, ജോയലറ്റ് സെബാസ്റ്റ്യൻ, ബിനു ആന്റണി തെക്കേപറമ്പിൽ, ജോളി പുതുശ്ശേരി എന്നിവർ നേതൃത്വം നൽകി.ചാവശ്ശേരി മേഖലയിലെ നടുവനാട് സെന്റ് മേരീസ് സിറിയൻ ഓർത്ത ഡോക്സ് ചർച്ചിൽ സി പി എം ഇരിട്ടി ഏരിയ സെക്രട്ടറി സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു, ലോക്കൽ സെക്രട്ടറി വി.വി. വിനോദ് കുമാർ , , വിപിൻരാജ്, ഷിജു, പി ജിജു എന്നിവർ നേതൃത്വം നൽകി. പുന്നാട് എടക്കാനത്ത് എം ആർമിഥുൻ രാജ്, വിനീഷ് എന്നിവർ നേതൃത്വം നൽകി. ഇരിട്ടിയിലെ അത്തി, ഇരിട്ടിഎന്നിവിടങ്ങളിലായി പി.വിജയൻ, പി. സുനിൽ കുമാർ, എം നിഖിലേഷ്, എം .രസിന്ത്,ശ്രീജിത്ത്, മധു, എൻ പി രജിത്ത്, സാദിഖ്, മത്തായി എന്നിവർ നേതൃത്വം നൽകി. പായം, മാടത്തിൽ, താന്തോട് എന്നിവടങ്ങളിൽ വി കെ ബാബു, വി കെ സുനീഷ്, കെ പി സുരേന്ദ്രൻ, വി. ഷിബു, ശിവരാമൻ എന്നിവർ നേതൃത്വം നൽകി. പായം കരിയാലിൽ എം സുമേഷ്, എം. വിനോദ് കുമാർ, വി.പ്രമീള, സി.സിജു , സുരേഷ് ബാബു എന്നിവർ നേതൃത്വം നൽകി. വിളമനയിലെ പെരിങ്കരി, വിളമന, കുന്നോത്ത്, കിളിയന്തറ എന്നിവടങ്ങളിലായി എം.എ സ്.അമർജിത്ത്, സുഭാഷ് രാജൻ, വി പി മധു, പി എൻ സുരേഷ്, കെ.കെ.സനീഷ്, എം.ജി. രജിത്ത്, എ.എൻ.ബിജു, എ.ആർ.രാജേഷ് , അസൈനാർ എന്നിവർ നേതൃത്വം നൽകി. ആറളം എടൂർ, വെള്ളരിവയൽ, കുന്നപ്പള്ളി, ചെടിക്കുളം, നെടുമുണ്ട, കല്ലറ എന്നിവടങ്ങളിൽ ടി എ ജോസഫ്, ബാബു കുര്യാക്കോസ്, ടി സി ബാബു, വി.ജെ.ജോർജ്ജ് , ജോഷി മാത്യു എന്നിവർ നേതൃത്വം നൽകി. കീഴ്പ്പള്ളിയിലെ വെളിമാനം, ഇടവേലി, കീഴ്പ്പള്ളി, മാങ്ങോട്, ലത്തീൻ പള്ളി, പുതിയങ്ങാടി, വാളത്തോട് എന്നിവടങ്ങളിൽ എൻ റ്റി റോസമ്മ, എ ഡി ബിജു, വി ആർ രാജേഷ്, എം.വി.വർഗ്ഗീസ് , രതീഷ് ഭാസ്കർ, കെ പി രാജേഷ്, ആശ മനോജ്, ജിസ്ബിൻ, കെ എൻ രാജീവൻ എന്നിവർ നേതൃത്വം നൽകി. കരിക്കോട്ടക്കരി, വാളത്തോട്, ഇടപ്പുഴ, പാറയ്ക്കാപ്പാറ, മരോട്ടിച്ചോട്, ആനപ്പന്തി, ഉരുപ്പുംകുറ്റി എന്നിവടങ്ങളിലായി കെ ജെ സജീവൻ, ബിജു, സിബി വാഴക്കാല, ഏലിയാസ് ജോൺ, ക്ലീറ്റസ്, ജറീന, എൽ ഡി എഫ് നേതാക്കളായ ജോസ്, എൻ.ടി. തോമസ്, ജോണി കാവുങ്കൽ എന്നിവർ നേതൃത്വം നൽകി. അയ്യങ്കുന്നിലെ കച്ചേരിക്കടവ്, ചരൾ, അങ്ങാടിക്കടവ്, വാണിയപ്പാറ, രണ്ടാംകടവ്, മുടയിരഞ്ഞി എന്നിവടങ്ങളിലായി ദിലീപ് മോഹൻ, ഒ എ അബ്രഹാം , ഒ .ടി അപ്പച്ചൻ, പി എ മാത്യു, ജോർജ്ജ് ഓരാത്തേൽ, ആന്റണി എന്നിവർ നേതൃത്വം നൽകി. പേരട്ടയിലെ കുണ്ടേരി, പേരട്ട, കോളിത്തട്ട്, അറബി എന്നിവടങ്ങളിൽ ഇ എസ് സത്യൻ, കെ ജി നന്ദനൻ കുട്ടി, ശിവദാസൻ, സുനു കിനാത്തി, ഉത്തമൻ കല്ലായി, കുഞ്ഞുമോൻ, ഫിനോ എന്നിവർ നേതൃത്വം നൽകി. ഉളിക്കലിൽ കെ.ജി. ദിലീപ് , കെ.എ. ദാസൻ , മുഹമ്മദ് റാഫി, കെ.വി. ഷാജി, കെ.ആർ.രാഹുൽ,. സി. കെ. വാസു എന്നിവർ നേതൃത്വം നൽകി.

## മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് കാണാതായ ഒരാളുടെ മൃതദേഹം കണ്ടെത്തി

തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് കാണാതായ ഒരാളുടെ മൃതദേഹം കണ്ടെത്തി.

സുരേഷ് ഫെർണാണ്ടസിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. മുതലപ്പൊഴിയിലെ പുലിമുട്ടിനിടയിൽ നിന്നാണ് മൃതദേഹം ലഭിച്ചത്. മത്സ്യത്തൊഴിലാളികളും പൊലീസും ചേർന്നാണ് പുലിമുട്ടിനിടയിൽ നിന്ന് മൃതദേഹം കരക്കെത്തിച്ചത്.

ഇന്നലെ പുലർച്ചെയാണ് പുതുക്കുറിച്ചി സ്വദേശി ആൻറണി ലോപ്പസിൻറെ ഉടമസ്ഥതയിലുള്ള 'പരലോകമാതാ' എന്ന മത്സ്യബന്ധന വള്ളം അപകടത്തിൽപെട്ടത്. അപകടത്തിൽ പുതുക്കുറിച്ചി സ്വദേശി കുഞ്ഞുമോൻ (40) മരിച്ചു. വള്ളം മറിഞ്ഞ് കാണാതായ പുതുക്കുറിച്ചി സ്വദേശികളായ മാൻറസ്, ബിജു എന്നിവരെ കണ്ടെത്താനുണ്ട്.

മത്സ്യബന്ധന വള്ളം മറിഞ്ഞ് ഒരാൾ മരിക്കുകയും മൂന്നുപേരെ കാണാതാകുകയും ചെയ്ത സംഭവം മുതലപ്പൊഴിയിൽ സംഘർഷത്തിന് വഴിവെച്ചത്. സ്ഥലം സന്ദർശിച്ച മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ, ആന്റണി രാജു എന്നിവരെ മത്സ്യത്തൊഴിലാളികൾ തടഞ്ഞതാണ് സംഘർഷാവസ്ഥക്ക് ഇടയാക്കിയത്. വികാരി ജനറൽ ഫാദർ യൂജിൻ പെരേരയുടെ നേതൃത്വത്തിലാണ് സംഘർഷമുണ്ടാക്കാൻ ശ്രമം നടന്നതെന്ന് മന്ത്രി ശിവൻകുട്ടി തുറന്നടിച്ചു. എന്നാൽ, ഫാദർ യൂജിൻ പെരേര നിഷേധിച്ചു.

ബോട്ടപകടം ഉണ്ടായ സ്ഥലത്തേക്ക് പോകാനായി മന്ത്രിമാർ എത്തിയത്. പുലിമുട്ട് ആരംഭിക്കുന്ന സ്ഥലത്തുവെച്ച് മൂന്ന് മന്ത്രിമാർക്ക് നേരെയും മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധമുണ്ടായി. കാര്യങ്ങൾ വിശദീകരിക്കുന്നതിനിടയിൽ 'ഷോ വേണ്ടെ'ന്ന മന്ത്രി ശിവൻകുട്ടിയുടെ പ്രതികരണം പ്രതിഷേധക്കാരെ ചൊടിപ്പിച്ചു.

മത്സ്യത്തൊഴിലാളികളും മന്ത്രിമാരും വാക്കേറ്റം രൂക്ഷമായതോടെ അപകട പ്രദേശത്തേക്ക് പോകാതെ മന്ത്രിമാർ മടങ്ങി.



**മുതലപ്പൊഴിയിലെ പുലിമുട്ടിനിടയിൽ നിന്ന് മൃതദേഹം പുറത്തെടുക്കാൻ ശ്രമിക്കുന്ന മത്സ്യത്തൊഴിലാളികളും പൊലീസും**

# പ്ലസ് വൺ; സപ്ലിമെന്ററി ലിസ്റ്റിൽ പ്രതീക്ഷയർപ്പിച്ച് വിദ്യാർഥികൾ

കണ്ണൂർ: ജില്ലയിൽ പ്ലസ് വൺ ക്ലാസുകൾ തുടങ്ങി. സംസ്ഥാനത്ത് കഴിഞ്ഞ ബുധനാഴ്ച ക്ലാസുകൾ തുടങ്ങിയെങ്കിലും കനത്ത മഴ കാരണം സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചതിനാലാണ് കണ്ണൂർ ഉൾപെടെയുള്ള ചില ജില്ലകളിൽ ക്ലാസ് തുടങ്ങാൻ വൈകിയത്. ഹയർസെക്കൻഡറി ഏകജാലക സംവിധാനം വഴി മെറിറ്റിൽ 25,091 പേരാണ് പ്രവേശനം നേടിയത്. സ്പോർട്സ് ക്വാട്ടയിൽ 260പേരും കമ്മ്യൂണിറ്റി ക്വാട്ടയിൽ 1,148 പേരും മാനേജ്മെന്റ് ക്വാട്ടയിൽ 1,277 പേരും അൺ എയ്ഡഡ് ക്വാട്ടയിൽ 337 പേരും പ്രവേശനം നേടിയിട്ടുണ്ട്. സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷ സ്വീകരിക്കാനുള്ള സമയം ഇന്നലെ വൈകിട്ട് അവസാനിച്ചു. ജില്ലയിൽ 6,879 സീറ്റുകളാണ് ബാക്കിയുള്ളത്. ഇതിൽ 2,932 എണ്ണം മെറിറ്റ് സീറ്റാണ്. സയൻസ് വിഭാഗത്തിൽ 1,154, കൊമേഴ്സ്846, ഹ്യുമാനിറ്റീസ് 932 എന്നിങ്ങനെയാണ് സീറ്റുകൾ. നിലവിൽ 4,234 പേർ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടിയിട്ടില്ല. ഇഷ്ട വിഷയം ലഭിക്കാത്തതിനാലും ഇഷ്ടപ്പെട്ട സ്ഥാപനം ലഭിക്കാതിരുന്നതിനാലും അലോട്ട്മെന്റ് എടുക്കാത്തവരാണ് ഇവരിൽ ഭൂരിഭാഗവും. ഇവരെ ഒഴിവാക്കിയാൽ തന്നെ ജില്ലയിലെ അപേക്ഷകരിൽ നാലായിരത്തോളം വിദ്യാർഥികൾ ഇപ്പോഴും പ്ലസ് വൺ പ്രവേശനത്തിനായി സപ്ലിമെന്ററി അലോട്ട്മെന്റിൽ പേര് വരുന്നതും കാത്തിരിക്കുകയാണ്. 34,975 പേരാണ് ജില്ലയിൽ ഇത്തവണ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയത്.



**ഉള്ളിയേരി ആതകശ്ശേരി ക്ഷേത്രത്തിനു സമീപം പിറകുവശത്തെ മല ഇടിഞ്ഞുവീണ് വീടിന്റെ ഭാഗം തകർന്നനിലയിൽ**

# ഉള്ളിയേരിയിൽ മല ഇടിഞ്ഞു വീണ് വീടിന്റെ ഭാഗം തകർന്നു

കോഴിക്കോട്: ഉള്ളിയേരി ആതകശ്ശേരി ക്ഷേത്രത്തിനു സമീപം പിറകുവശത്തെ മല ഇടിഞ്ഞുവീണ് വീടിന്റെ ഭാഗം തകർന്നു. പടിക്കലക്കണ്ടി ഷാബുവിന്റെ നിർമാണം പൂർത്തിയാകാത്ത വീടിന്റെ വർക്ക് ഏരിയയും മുറിയുമാണ് പൂർണമായും തകർന്നത്, അടുക്കളയും തകർച്ചാ ഭീഷണിയിലാണ്. തിങ്കളാഴ്ച പുലർച്ചെയോടെയാണ് സംഭവം. തലേന്നെ മല ഇടിയാനുള്ള സാധ്യത കണ്ടതിനെ തുടർന്ന് പഞ്ചായത്ത് അതികൃതരെ വിരമറിയിക്കുകയും നിർദ്ദേശപ്രകാരം വീട്ടുകാർ മാറി താമസിക്കുകയും ചെയ്തിരുന്നു. ഇതിനാൽ വൻ അത്യാഹിതം ഒഴിവായി.പ്രാഥമികമായി രണ്ടര ലക്ഷത്തിലധികം രൂപയുടെ നഷ്ടം കണക്കാക്കുന്നതായി വീട്ടുടമ പറഞ്ഞു. ഓട്ടോ ഡ്രൈവറായ ഷാബു ലോണും കടവുമൊക്കെയെടുത്ത് വളരെ പ്രയാസപ്പെട്ടാണ് വീടിന്റെ നിർമാണം നടത്തിയത്.

## ഗ്ലാസ് പാളികൾ ദേഹത്ത് വീണ് അതിഥി തൊഴിലാളിക്ക് ദാരുണാന്ത്യം

കൊച്ചി: എറണാകുളത്ത് ഗ്ലാസ് പാളികൾ ദേഹത്തേക്ക് വീണ് അതിഥി തൊഴിലാളികൾക്ക് ദാരുണാന്ത്യം. ഇടയാറിൽ റോയൽ ഗ്ലാസ് ഫാക്ടറിയിൽ സ്റ്റിക്കർ ഒട്ടിക്കുന്നതിനിടെയാണ് സംഭവം. അസം സ്വദേശിയായ ധൻകുമാർ (20) ആണ് മരിച്ചത്. ഇന്ന് പുലർച്ചെ 2.45 നാണ് സംഭവം.യന്ത്രത്തിൽ നിന്ന് ട്രോളി സ്റ്റാഡിലേക്ക് ഇറക്കി വച്ചിരുന്ന ഗ്ലാസ് പാളികളാണ് ധൻ കുമാറിന്റെ ദേഹത്തേക്ക് മറിഞ്ഞ് വീണത്. 11 അടി നീളത്തിലും 12 എം എം കനത്തിലുമുള്ള 7 വലിയ ഗ്ലാസ് പാളികളാണ് ഒന്നിച്ച് ധൻ കുമാറിന്റെ ദേഹത്തേക്ക് വീണത്. ഗ്ലാസിൽ സ്റ്റിക്കറൊട്ടിക്കുന്നതിനിടെ ട്രോളി സ്റ്റാഡിന്റെ അടിഭാഗം ഒഴിഞ്ഞാണ് ഗ്ലാസ് പാളികൾ മറിഞ്ഞത്. മറ്റ് തൊഴിലാളികൾ സ്ഥലത്ത് ഇല്ലാതിരുന്നപ്പോഴായിരുന്നു അപകടം.




**സെമിനാർ തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യുന്നു**

## ക്ഷേമ പദ്ധതികൾ ഫലപ്രദമാകുന്നുണ്ടോ എന്നത് വിലയിരുത്തപ്പെടണം: വിസ്ഡം സെമിനാർ

കോഴിക്കോട്: സമൂഹത്തിന്റെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഫലപ്രദമാകുന്നുണ്ടോ എന്നത് വിലയിരുത്തപ്പെടേണ്ടത് ഏറ്റവും അനിവാര്യമാണെന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി കോഴിക്കോട് സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. 'സാമൂഹ്യ സുരക്ഷാ പദ്ധതികൾ' എന്ന വിഷയത്തിലായിരുന്നു സെമിനാർ.

പദ്ധതികളെ സംബന്ധിച്ച് സമൂഹത്തിന് വേണ്ടത്ര അവബോധമില്ലാത്തത് പദ്ധതികളുടെ ലക്ഷ്യപൂർത്തീകരണത്തിന് വലിയ തടസ്സങ്ങളായി നിൽക്കുന്നു എന്നത് നാം ഗൗരവമായി കാണണം. ശാക്തീകരണ പദ്ധതികൾ അർഹരിയിലേക്ക് എത്തിക്കാനും അപ്രായോഗിക നിബന്ധനകൾ വെച്ച് അർഹമായവർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യവും ഒഴിവാ ക്കാൻ സർക്കാർ സംവിധാനങ്ങൾ ജാഗ്രത പാലിക്കണമെന്നും സെമിനാർ അഭിപ്രായപ്പെട്ടു. തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു.

സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം മത, സാമൂഹിക സംഘടനകൾ അജണ്ടയായി കാണുന്നതാണ് സാമൂഹിക വികസന വിപ്ലവത്തിന് കാരണമെന്ന് സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കവെ പറഞ്ഞു. ഭവനരഹിതരുടെ ലിസ്റ്റിൽ വന്നവരുടെ അപേക്ഷകൾ പരിഹരിക്കുക എന്നത് സർക്കാറിന്റെ മുഖ്യ ലക്ഷ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഡെപ്യൂട്ടി തഹസിൽദാർ അബ്ദുറഹ്മാൻ പോത്തുകാടൻ, പി.എം.എ സെമീർ, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, സംസ്ഥാന ട്രഷറർ കെ. സജ്ജാദ്, ടി.പി അബ്ദുൽ അസീസ്, അബ്ദുറഹ്മാൻ മാട്ടായി, ഇസ്മാഈൽ തോട്ടശ്ശേരിയറ, മുജീബ് മദനി ഒട്ടുമ്മൽ, സെയ്തുമുഹമ്മദ് കുണ്ടായിത്തോട് എന്നിവർ സംസാരിച്ചു.

## താമരശേരിയിൽ രണ്ട് പൊലിസുകാർക്ക് പരുക്ക്

താമരശേരി: കൊടുവള്ളി മണ്ഡലം മുസ്ലിം ലീഗ് കമ്മിറ്റി താമരശേരി എ.ഇ.ഒ ഓഫിസിലേക്ക് നടത്തിയ മാർച്ചിലും സംഘർഷം. വനിതാ പൊലിസ് ഉദ്യോഗസ്ഥക്കടക്കം രണ്ടുപേർക്ക് പരുക്കേറ്റു. സീനിയർ സി.പി.ഒ മാരായ ഷക്കീല, ഷാജിമോൻ എന്നിവർക്കാണ് പരുക്ക്. ഇവരെ താമരശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മാർച്ചിൽ പങ്കെടുത്ത 40 പേർക്കെതിരേ പൊലിസ് കേസെടുത്തിട്ടുണ്ട്. എ.ഇ.ഒ ഓഫിസ് ഉപരോധം സംസ്ഥാന മുസ്ലിം ലീഗ് സെക്രട്ടേറിയറ്റ് അംഗം വി.എം ഉമ്മർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പി.എസ് മുഹമ്മദലി അധ്യക്ഷനായി. എം.എ ഗഫൂർ, പി.പി ഹാഫിസ് റഹ്മാൻ, യു.കെ ഹുസൈൻ സംസാരിച്ചു.

## കേരള മുസ്ലിം പണ്ഡിത ചരിത്രം പരമ്പരയിലെ നാലാമത്തെ പുസ്തകം പുറത്തിറങ്ങി

നോളജ് സിറ്റി: കേരള മുസ്ലിം പണ്ഡിത ചരിത്രം പരമ്പരയിലെ നാലാമത്തെ പുസ്തകം 'വെളിയങ്കോട് കുഞ്ഞുട്ടി മുസ്ലിയാർ' പ്രകാശനം ചെയ്തു. വെളിയങ്കോട് ഉമർ ഖാസി(റ)യുടെ 171ാം ഉറൂസ് മുബാറക്കിനോട് അനുബന്ധിച്ച് നടന്ന ചരിത്ര സെമിനാറിൽ വെച്ചാണ് പുസ്തകം പ്രകാശനം ചെയ്തത്. ഡോ. ഫൈസൽ അഹ്സനിക്ക് രണ്ടത്താണിക്ക് പുസ്തകത്തിന്റെ ആദ്യകോപ്പി കൈമാറി വെളിയങ്കോട് ഖാസി ഹംസ സഖാഫി പുസ്തകം പ്രകാശനം ചെയ്തു. പ്രശസ്ത ചരിത്ര പണ്ഡിതരായ ഡോ. ഹുസൈൻ രണ്ടത്താണി, പ്രൊഫ. സുരേന്ദ്രൻ, ഡോ. സക്കീർ ഹുസൈൻ എന്നിവർ സംബന്ധിച്ചു.

വി.പി മുഹമ്മദ് സ്വാദിഖ് അഹ്സനിയാണ് ജീവചരിത്രം തയ്യാറാക്കിയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മലബാറിൽ സജീവമായ ആത്മീയ- ധൈഷണിക ഇടപെടലുകൾ നടത്തിയ പണ്ഡിതനാണ് വെളിയങ്കോട് കുഞ്ഞുട്ടി മുസ്ലിയാർ. മർകസ് നോളജ് സിറ്റിയിലെ മലൈബാർ ഫൗണ്ടേഷൻ ഫോർ റിസേർച്ച് ആൻഡ് ഡെവലപ്മെന്റാണ് പ്രസാധകർ. കെ.പി മുഹമ്മദ് മുസ്ലിയാർ കൊമ്പം ചീഫ് എഡിറ്ററായുള്ള സംഘമാണ് കേരളത്തിലെ ഇസ്ലാമിക നിർമിതിക്ക് സഹായികളായവരെ കുറിച്ചുള്ള പഠന പരമ്പര തയ്യാറാക്കുന്നത്. ആവശ്യക്കാർക്ക് +91 70340 22055, +91 6235 998 830 എന്നീ നമ്പറുകൾ വഴി പുസ്തകം ബുക്ക് ചെയ്യാവുന്നതാണെന്ന് പ്രസാധകർ അറിയിച്ചു.




**എം.എസ്.എം.ഇ ഫുട്ട്‌വേർ സെക്ടർ ആക്ഷൻ കൗൺസിൽ നടത്തിയ വാർത്താ സമ്മേളനം**

# പാദരക്ഷകൾക്ക് ഐ.എസ്.ഐ നിർബന്ധമാക്കുന്ന ഉത്തരവ് അപ്രായോഗികം

കോഴിക്കോട്: രാജ്യത്തെ രണ്ടാമത്തെ തൊഴിൽ മേഖലയായ പാദരക്ഷ മേഖലയിലെ സൂക്ഷ്മ ചെറുകിട പാദരക്ഷ സ്ഥാപനങ്ങൾ നിർമിക്കുന്ന പാദരക്ഷകൾക്ക് ഐ.എസ്.ഐ മാർക്ക് നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അപ്രായോഗികമാണെന്ന് എം.എസ്.എം.ഇ ഫുട്ട്‌വേർ സെക്ടർ ആക്ഷൻ കൗൺസിൽ ചെയർമാൻ വി.കെ.സി റസാക്കും കൺവീനർ ബാബു മാളിയേക്കലും വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പാദരക്ഷ രംഗത്ത് ഗുണനിലവാരനിയന്ത്രണത്തിന് തങ്ങൾ എതിരല്ല. എന്നാൽ, ധൃതിപിടിച്ച് ഈ രംഗത്ത് കേന്ദ്രസർക്കാർ നടപടികളുമായി മുന്നോട്ട് പോയാൽ സൂക്ഷ്മ ചെറുകിട പാദരക്ഷാ യൂണിറ്റുകൾ അടച്ചുപൂട്ടേണ്ട സാഹചര്യം സംജാതമായും. രാജ്യത്ത് 44 ലക്ഷം പേരാണ് പാദരക്ഷാ വ്യവസായ മേഖലയിൽ ജോലിയെടുക്കുന്നത്.

സർക്കാർ നിർദേശിക്കുന്ന ഗുണനിലവാരം പരിശോധിക്കണമെങ്കിൽ 40 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വില വരുന്ന ലാബ് സ്ഥാപിക്കേണ്ടി വരും. ചെറുകിട യൂണിറ്റുകൾക്ക് ഇത് താങ്ങാനാവില്ല. ആകട നടപ്പിലാക്കുന്ന നിയന്ത്രണങ്ങൾ ശാസ്ത്രീയമോ, പ്രായോഗികമോ അല്ല. ആകട നിർദേശിക്കുന്ന ടെസ്റ്റുകൾ നടത്തുമ്പോൾ പാദരക്ഷകളുടെ വിലയിൽ ഗണ്യമായ വർധനവുണ്ടാവും. സാധാരണക്കാർ ഉപയോഗിക്കുന്ന പാദരക്ഷകളുടെ വില കുത്തനെ വർധിക്കാനിടയായാൽ ജനങ്ങളുടെ പർച്ചേഴ്സിങ് കഴിവിനെ ബാധിക്കും. കൊവിഡ് കാലത്ത് ജനങ്ങൾക്ക് വരുമാനം കുറഞ്ഞപ്പോൾ ഏറ്റവുമധികം വിറ്റുപോയത് ഹവായ് ഇനത്തിൽപ്പെട്ട വില കുറഞ്ഞ ചെരുപ്പുകളായിരുന്നുവെന്ന് വി.കെ.സി റസാഖ് ചൂണ്ടിക്കാട്ടി. ഈ വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും കേന്ദ്രസർക്കാരിന്റെ മുൻപാകെ വിഷയം ഉന്നയിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായി വി.കെ.സി റസാക്ക് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വാർത്താ സമ്മേളനത്തിൽ സുനിൽനാഥ് എ.വി (കെ.എസ്.എസ്.ഐ.എ സംസ്ഥാന വൈസ് പ്രസിഡന്റ്), എം. അബ്ദുറഹിമാൻ (കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ്), പി.പി മുസമ്മിൽ (ചെയർമാൻ സിഫി കേരള ചാപ്റ്റർ), എം. രജിത് (പ്രസിഡന്റ് ഫൂമ).



## ആവേശക്കൊടുമുടിയിൽ ആരാധകർ; ആറ്റ്ലീ ഷാരൂഖ് ചിത്രം ജവാൻ പ്രിവ്യൂ പുറത്ത്

സിനിമാസ്വാദകരെ ആവേശക്കൊടുമുടിയിലേറ്റി ജവാൻ എന്ന ചിത്രത്തിന്റെ പ്രിവ്യൂ എത്തി. ലോകമെമ്പാടുമുള്ള ഷാരൂഖ് ഖാൻ ആരാധകരുടെ മനം നിറയ്ക്കുന്ന മാസ് ആക്ഷ രംഗങ്ങളും കിടിലൻ ഡയലോഗുകളുമെല്ലാം അടങ്ങുന്ന വമ്പൻ ചിത്രമാണ് വരാനിരിക്കുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണ് പ്രിവ്യൂ നൽകുന്നത്.വൻ താരനിരനിരയുമായാണ് ചിത്രം എത്തുന്നത്. ഷാരൂഖിനൊപ്പം നായികയായി നയൻതാര, വില്ലനായി വിജയ് സേതുപതി, പ്രിയാമണി, അതിഥി വേഷത്തിൽ ദീപികാ പദുകോൺ എന്നിവരെല്ലാം ചിത്രത്തിലെത്തുന്നുണ്ട്.ആറ്റ്ലീ എന്ന സൂപ്പർ ഹിറ്റ് തമിഴ് സംവിധായകന്റെ പക്കാ തമിഴ് ടച്ചുള്ള ബോളീവുഡിന്റെ മാസ് ആക്ഷൻ കാഴ്ചപ്പാടുകളെ തിരുത്തുന്ന ചിത്രമായിരിക്കും ജവാൻ എന്നാണ് ആരാധകരുടെ പ്രതീക്ഷ. ഇക്കാരണം കൊണ്ടു തന്നെ ദക്ഷിണേന്ത്യൻ സിനിമാസ്വാധകർ ജവാന് അത്രയേറെ പ്രാധാന്യം നൽകുന്നുണ്ട്.

തമിഴിലെ പുതുതലമുറ സംഗീതസംവിധായകനായ അനിരുദ്ധിന്റെ ആദ്യ ബോളിവുഡ് ചിത്രമാണ് ജവാൻ. ഷാരൂഖ് ഖാനൊപ്പം ബോളിവുഡിൽ തുടക്കം കുറിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നാണ് ടീസർ പങ്കുവെച്ചുകൊണ്ട് അനിരുദ്ധ് ട്വീറ്റ് ചെയ്തത്. റെഡ് ചില്ലീസിന്റെ ബാനറിൽ ഗൗരി ഖാനാണ് ചിത്രം നിർമിക്കുന്നത്. സെപ്റ്റംബർ ഏഴിന് ചിത്രം തിയേറ്ററുകളിൽ എത്തും. ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിൽ ചിത്രം റിലീസ് ചെയ്യും.



തകർന്നുവീണ ഹെലിക്കോപ്റ്റർ

## ആറുപേരുമായി ഹെലികോപ്റ്റർ എവറസ്റ്റിന് സമീപം തകർന്നുവീണു

കാഠ്മണ്ഡു: അഞ്ച് വിദേശികൾ ഉൾപ്പടെ ആറ് പേർ സഞ്ചരിച്ച ഹെലികോപ്റ്റർ നേപ്പാളിലെ എവറസ്റ്റിന് സമീപം ലംജുറയിൽ തകർന്നുവീണു. ഇന്ന് രാവിലെ സോലുഖുംബുവിൽ നിന്ന് കാഠ്മണ്ഡുവിലേക്ക് പോയ ഹെലികോപ്റ്റർ 9ചഅങഡഢ ആണ് തകർന്നു വീണത്.

സുർക്കിയിൽ നിന്ന് പറന്നുയർന്ന മനാംഗ് എയർ ഹെലികോപ്റ്റർ 10.12 ഓടെ റഡാറിൽ നിന്ന് അപ്രത്യക്ഷമായി. യാത്രയാരംഭിച്ച് പതിനഞ്ചം മിനിറ്റിൽ കൺട്രോൾ ടവറുമായുള്ള ബന്ധവും നഷ്ടമായിരുന്നു. ഭകഞ്ചെ ഗ്രാമത്തിലെ ലംജുരയിലെ ചിഹന്ദണ്ടയിൽ നിന്ന് ഹെലികോപ്റ്ററിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി.

മെക്സിക്കയിൽ നിന്നുള്ളവരാണ് അപകടത്തിൽപ്പെട്ടത്. ഇവർക്കായുള്ള രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വലിയ സ്ഫോടനത്തോടെ ഹെലികോപ്റ്റർ തകർന്നതായും അപകടസ്ഥലത്ത് നിന്ന് തീ പടരുന്നത് കണ്ടതായി നാട്ടുകാർ അറിയിച്ചതായും ഉദ്യോഗസ്ഥർ അറിയിച്ചു.

## ഐ.സി.സി ലോകകപ്പ് ക്രിക്കറ്റ് ട്രോഫി തലസ്ഥാനത്തെത്തി

ഐ.സി.സി ക്രിക്കറ്റ് ലോകകപ്പ് ട്രോഫി തലസ്ഥാനത്തെത്തി തിരുവനന്തപുരം: ക്രിക്കറ്റ് ആരാധകരെ ആവേശത്തിൽ ആറാടിച്ച് ഐ.സി.സി ലോകകപ്പ് ക്രിക്കറ്റ് ട്രോഫി തലസ്ഥാനത്തെത്തി. ആർപ്പുവിളികളുടെയും ബാൻഡ് മേളത്തിന്റെയും അകമ്പടിയോടെയാണ് മുക്കോല സെന്റ് തോമസ് സെൻട്രൽ സ്കൂളിലെ കുട്ടികളും അധ്യാപകരും ചേർന്ന് ട്രോഫിയെ വരവേറ്റത്. ഇന്നലെ രാവിലെ 10.10 നായിരുന്നു ലോകകപ്പ് ട്രോഫി സ്കൂളിലെത്തിയത്. ലോകകപ്പിന്റെ തീം സോങ്ങിനൊപ്പം വിവിധ ക്രിക്കറ്റ് ടീമിന്റെ ജഴ്സി ധരിച്ച് സ്കൂൾ ടീം നൃത്തം ചെയത് ആഹ്ലാദം പ്രകടിപ്പിച്ചു. ഒപ്പം കേരളത്തിന്റെ തനതായ കാലാരൂപങ്ങളും അരങ്ങേറി. ഒക്ടോബർ, നവംബർ മാസങ്ങളിലായി ഇന്ത്യയിൽ നടക്കാനിരിക്കുന്ന ഏകദിന ലോകകപ്പിന്റെ ട്രോഫി ടൂറിന്റെ ഭാഗമായാണ് ഐ.സി.സി ട്രോഫി തിരുവനന്തപുരത്തെത്തിച്ചത്. വൈകിട്ട് മൂന്നുവരെ ട്രോഫി പ്രദർശനം തുടർന്നു. തിരുവനന്തപുരത്ത് നിന്ന് കൊച്ചിയിലേക്കാണ് ലോകകപ്പ് ട്രോഫിയുടെ പ്രയാണം. ഇന്നും ട്രോഫി പരേഡ് തുടരും.







ബി.ജെ.പി പുതിയങ്ങാടി ഏരിയ കമ്മിറ്റി പുതിയങ്ങാടി വില്ലേജ് ഓഫിസിന് മുന്നിൽ നടത്തിയ ജനകീയ ധർണ്ണ

## വില്ലേജ് ഓഫിസ് ധർണ നടത്തി

കോഴിക്കോട്: വെസ്റ്റ്ഹിൽ ശാന്തിനഗർ കോളനിയിൽ കടൽ ഭിത്തി ഉടൻ നിർമ്മിച്ച് കോളനി നിവാസികളുടെ ജീവൻ രക്ഷിക്കണമെന്നും കടൽ കയറി തകർന്ന വീടുകാർക്ക് ധനസഹായം നൽകണമെന്നാവശ്യപ്പെട്ട് ബി.ജെ.പി പുതിയങ്ങാടി ഏരിയ കമ്മിറ്റി പുതിയങ്ങാടി വില്ലേജ് ഓഫിസിന് മുന്നിൽ ജനകീയ ധർണ്ണ സംഘടിപ്പിച്ചു.

ബി.ജെ.പി ജില്ലാ മത്സ്യ സെൽ കോഡിനേറ്റർ പി.കെ ഗണേശൻ ഉദ്ഘാടനം ചെയ്തു. നടക്കാവ് മണ്ഡലം പ്രസിഡണ്ട് കെ.ഷൈബു മുഖ്യ പ്രഭാഷണവും ജനറൽ സെക്രട്ടറി എൻ.പി. പ്രകാശൻ സമാപന പ്രസംഗവും നടത്തി. ഏരിയ പ്രസിഡണ്ട് ടി.പി സുനിൽ രാജ് അധ്യക്ഷത വഹിച്ചു.

എസ്.സി മോർച്ച മണ്ഡലം പ്രസിഡണ്ട് രോഹിണി ഉണ്ണികൃഷ്ണൻ, കർഷക മോർച്ച മണ്ഡലം പ്രസിഡണ്ട് ടി. പ്രജോഷ്, ജനറൽ സെക്രട്ടറി എ.പി പുരുഷോത്തമൻ, മണ്ഡലം കമ്മിറ്റി അംഗങ്ങളായ റാണി രതീഷ്, ചിത്രകാർത്തികേയൻ, സൗമ്യ സുഭീഷ്, ഏരിയ ജനറൽ സെക്രട്ടറിമാരായ പ്രേംനാഥ്, മാലിനി സന്തോഷ്, മഹിള മോർച്ച മണ്ഡലം സെക്രട്ടറി രാജശ്രീ സന്തോഷ്, രാജേഷ്, സുഭീഷ്, കാർത്തികേയൻ, രാമകൃഷ്ണൻ മാസ്റ്റർ, അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

## വിംബിൾഡൺ: മെദ്‌വദേവും റൈബിക്കാനയും ക്വാർട്ടർ ഫൈനലിൽ, സിറ്റ്സിപാസ് പുറത്ത്

ലണ്ടൻ: ലോക മൂന്നം നമ്പർ പുരുഷ ടെന്നീസ് താരമായ ഡാനിൽ മെദ്‌വദേവും നിലവിലെ വനിതാ സിംഗിൾസ് ചാമ്പ്യൻ എലീന റൈബിക്കാനയും വിംബിൾഡണിന്റെ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ഇരുതാരങ്ങളും വാക്ക് ഓവറിലൂടെയാണ് ക്വാർട്ടറിലെത്തിയത് എന്ന പ്രത്യേകതയുമുണ്ട്. എന്നാൽ ലോക അഞ്ചാം നമ്പർ താരമായ സ്റ്റെഫാനോസ് സിറ്റ്സിപാസ് അട്ടിമറിയിലൂടെ പുറത്തായി



റഷ്യൻ താരമായ മെദ്‌വദേവ്

റഷ്യൻ താരമായ മെദ്‌വദേവ് ചെക്ക് റിപ്പബ്ലിക്കിന്റെ ജിരി ലെഹെക്കയെയാണ് പ്രീ ക്വാർട്ടറിൽ നേരിട്ടത്. എന്നാൽ മത്സരത്തിനിടെ ലെഹെക്കയ്ക്ക് പരിക്കേറ്റതോടെ താരം പിന്മാറി. ഈ സമയം മെദ്‌വദേവ് 6-4, 6-2 എന്ന സ്കോറിന് മുന്നിട്ട് നിൽക്കുകയായിരുന്നു. ഇതോടെ മെദ്‌വദേവിനെ വിജയിയായി പ്രഖ്യാപിച്ചു. ഇതാദ്യമായാണ് മെദ്‌വദേവ് വിംബിൾഡണിന്റെ ക്വാർട്ടർ ഫൈനലിൽ ഇടം നേടുന്നത്.

നിലവിലെ ചാമ്പ്യനായ റൈബിക്കാന ലോക 13-ാം നമ്പർ താരമായ ബ്രസീലിന്റെ ഹാഡഡ് മായിയെയാണ് പ്രീ ക്വാർട്ടറിൽ നേരിട്ടത്. എന്നാൽ ആദ്യ സെറ്റിൽ റൈബിക്കാന 3-1 ന് മുന്നിട്ടുനിൽക്കുമ്പോൾ ബ്രസീൽ താരത്തിന് പുറംവേദന അനുഭവപ്പെട്ടു. പിന്നാലെ താരം മത്സരത്തിൽ നിന്ന് പിന്മാറി. ഇതോടെ റൈബിക്കാന അവസാന എട്ടിലെത്തി. ക്വാർട്ടറിൽ രണ്ട് തവണ വിംബിൾഡൺ കിരീടം നേടിയ വെറ്ററൻ താരം പെട്ര കിറ്റോവയോ 2022 വിംബിൾഡൺ റണ്ണറപ്പായ ഓൺസ് ജാബിയറോ ആയിരിക്കും റൈബിക്കാനയുടെ എതിരാളി.

വലിയൊരു അട്ടിമറിയ്ക്കും വിംബിൾഡൺ വേദിയായി. ലോക അഞ്ചാം നമ്പർ താരമായ ഗ്രീസിന്റെ സ്റ്റെഫാനോസ് സിറ്റ്സിപാസ് വമ്പൻ അട്ടിമറിയിലൂടെ പ്രീ ക്വാർട്ടറിൽ പുറത്തായി. അമേരിക്കയുടെ സീഡില്ലാതാരം ക്രിസ്റ്റഫർ യുബാങ്ക്സ് സിറ്റ്സിപാസിനെ അട്ടിമറിച്ചു. അഞ്ച് സെറ്റ് നീണ്ട വാശിയേറിയ പോരാട്ടത്തിനൊടുവിലാണ് യുബാങ്ക്സ് വിജയം നേടിയത്. സ്കോർ: 3-6, 7-6, 3-6, 6-4, 6-4. ആദ്യ സെറ്റ് നഷ്ടപ്പെട്ടിട്ടും യുബാങ്ക്സ് തിരിച്ചടിച്ചു. ക്വാർട്ടറിൽ യുബാങ്ക്സ് മെദ്‌വദേവിനെ നേരിടും.

## കെ.എസ്.ആർ.ടി.സി ബസിടിച്ച് ഏഴാം ക്ലാസ് വിദ്യാർഥി മരിച്ചു

കണ്ണൂർ: സ്കൂൾ ബസിൽ കയറാൻ റോഡ് മുറിച്ചുകടക്കുന്നതിനിടെ കെ.എസ്.ആർ.ടി.സി ബസിടിച്ച് ഏഴാം ക്ലാസ് വിദ്യാർഥി മരിച്ചു. പാലോട്ടുപള്ളി വി.എം.എം സ്കൂൾ വിദ്യാർഥി മുഹമ്മദ് റിദാൻ (12) ആണ് മരിച്ചത്. മട്ടന്നൂർ കുമ്മാനത്താണ് അപകടം ഉണ്ടായത്.

റിദാൻ റോഡിൻറെ മറുഭാഗത്തേക്ക് കടക്കുവാൻ ശ്രമിക്കവേ, മട്ടന്നൂരിൽ നിന്ന് കണ്ണൂരിലേക്കു പോകുകയായിരുന്ന ബസ് ഇടിക്കുകയായിരുന്നു.



കുമ്മാനം സ്വദേശികളായ ഷഹീർ- നൗഷീന ദമ്പതികളുടെ മകനാണ് മുഹമ്മദ് റിദാൻ.

## നിരോധിത പോൺ സൈറ്റിന്റെ സ്റ്റിക്കർ പതിച്ച് സർവിസ് നടത്തിയ ബസ് കസ്റ്റഡിയിലെടുത്തു

തൃശൂർ: നിരോധിത പോൺ സൈറ്റിന്റെ സ്റ്റിക്കർ പതിച്ച് സർവിസ് നടത്തിയ സ്വകാര്യ ബസ് ട്രാഫിക് പൊലീസ് കസ്റ്റഡിയിലെടുത്തു.

തൃശൂർ- കൊടുങ്ങല്ലൂർ-കുറ്റിപ്പുറം റൂട്ടിലോടുന്ന മായാവി എന്ന ബസാണ് പരാതിയെ തുടർന്ന് ചൊവ്വാഴ്ച രാവിലെ എട്ടിന് പിടികൂടിയത്. സ്റ്റിക്കർ നീക്കി സ്റ്റേഷനിലെത്തിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ തന്നെ സ്റ്റിക്കർ നീക്കി ബസ് എത്തിക്കുകയായിരുന്നു. ബസുടമയായ കൊടുങ്ങല്ലൂർ സ്വദേശിയോട് സ്റ്റേഷനിൽ ഹാജരാകാനും ആവശ്യപ്പെട്ടിട്ടുണ്ട്.പോൺ സൈറ്റിന്റേതായിരുന്നു സ്റ്റിക്കർ എന്ന് അറിഞ്ഞിരുന്നില്ലെന്ന് ജീവനക്കാർ പൊലീസിനെ അറിയിച്ചു. കഴിഞ്ഞ ദിവസം ബസ് പണിക്കായി പെരുമ്പാവൂരിലെ വർക്ഷോപ്പിൽ കൊണ്ടുപോയിരുന്നു. അവിടത്തെ ജീവനക്കാരായിരിക്കാം ഇത്തരത്തിൽ സ്റ്റിക്കർ ഒട്ടിച്ചതെന്നാണ് ജീവനക്കാർ നൽകിയ മൊഴി.

## പ്ലസ് വൺ: സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രതിഷേധമെന്ന് യൂത്ത് ലീഗ്

മലപ്പുറം: ജില്ലയിൽ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച 81,022 വിദ്യാർഥികളിൽ മൂന്നാം അലോട്ട്മെന്റിന് ശേഷവും 38,176 വിദ്യാർഥികൾ പ്ലസ് വൺ പ്രവേശനം നേടാതെ പുറത്തുനിൽക്കുന്ന സാഹചര്യത്തിൽ മതിയായ പരിഹാരം കാണാൻ സർക്കാർ തയാറായില്ലെങ്കിൽ ശക്തമായ പ്രതിഷേധങ്ങളുയരുമെന്ന് ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് കമ്മിറ്റി. മുഴുവൻ വിഷയത്തിലും എ പ്ലസ് ലഭിച്ച നിരവധി വിദ്യാർഥികളാണ് പുറത്തിരിക്കുന്നത്. മൂന്ന് അലോട്ട്മെന്റുകളും പൂർത്തിയായപ്പോൾ 42,849 പേർക്ക് മാത്രമാണ് തുടർപഠനത്തിന് അവസരം ലഭിച്ചത്. മൂന്നാം അലോട്ട്മെന്റിന് ശേഷം പരിഹാരമുണ്ടാകുമെന്ന് വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപനം നടത്തിയിരുന്നുവെങ്കിലും ക്ലാസ് തുടങ്ങിയിട്ടും ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. സംസ്ഥാനത്തിന്റെ ഒരു ഭാഗത്ത് പഠിക്കാൻ ആവശ്യമായ സീറ്റില്ലാതെ വിദ്യാർഥികൾ സങ്കടപ്പെട്ടിരിക്കുമ്പോൾ തെക്കൻ ജില്ലകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ മതിയായ കുട്ടികൾ ഇല്ലാതെ ബാച്ച് നിലനിർത്തി കൊടുക്കാൻ സർക്കാർ കൂട്ടുനിൽക്കുകയാണ്. ഇത് അംഗീകരിക്കാനാകില്ലെന്നും യൂത്ത് ലീഗ് ജില്ലാ കമ്മിറ്റി വ്യക്തമാക്കി.

## ആറളം ഫാമിലെ ശമ്പള കുടിശിക; സർക്കാർ ഇടപെടണം

ഇരിട്ടി: ആറളം ഫാം തൊഴിലാളികളുടെ ശമ്പള കുടിശിക ലഭ്യമാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കേരളാകോൺഗ്രസ് (എം) പേരാവൂർ മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. ആറളം ഫാമിലെ 400ഓളം തൊഴിലാളികൾ കഴിഞ്ഞ നവംബർ മുതൽ ശമ്പളം ലഭിക്കാതെ ദുരിതത്തിലാണ്. പട്ടിണിയിലായ തൊഴിലാളികൾ എന്ത് ചെയ്യണമെന്ന് അറിയാതെ പകച്ചു നിൽക്കുകയാണ്. ഇതിൽ 85 ശതമാനം തൊഴിലാളികളും ആദിവാസി വിഭാഗത്തിൽ പെട്ടവരാണെന്നും ഇവരുടെ ദുരിതം കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ലെന്നും യോഗം ചൂണ്ടിക്കാട്ടി. സംസ്ഥാന ഹൈപവർ കമ്മിറ്റി അംഗം മാത്യു കുന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് വിപിൻ തോമസ് അധ്യക്ഷനായി.

തോമസ് മാലത്ത്, സി.എം ജോർജ്, മാത്യു പുളിക്കകുന്നേൽ, എ.കെ രാജു, അൽഫോൻസ് കളപ്പുര, ബെന്നിച്ചൻ മഠത്തിനകം, ജോർജ് ഓരത്തേൽ, റെജി മേച്ചരിക്കുന്നേൽ, ജയ്സൺ ജീരകശേരി, ജോസ് കിഴക്കേപടവത്ത്, ജോസ് മാപ്പിളപറമ്പിൽ, അപ്പച്ചൻ ആനിത്തോട്ടം, സന്തോഷ് സെബാസ്റ്റ്യൻ, ഡോ. ത്രേസ്യാമ്മ കോങ്ങല, ജോണി കാവുങ്കൽ, അബ്രാഹം കല്ലന്മാരി, ഗർവാസീസ് കേളിമറ്റം, ബ്രിട്ടോ ജോസ്, മാത്യു കൊച്ചുതറ, അബ്രാഹം പാരിക്കാപ്പള്ളി, അബ്രാഹം വെട്ടിക്കൽ, ജോൺ മേമന, ജെസിമോൾ വാഴപ്പള്ളി, തോമസ് വടശേരി, കെ,ടി ജോസഫ് സംസാരിച്ചു.



ദുബായ് സമ്മർ സർപ്രൈസിനോടനുബന്ധിച്ചൊരുക്കിയ ഇൻഡോർ മ്യൂസിയം

## 26 റഫാൽ യുദ്ധവിമാനങ്ങളും 3 അന്തർവാഹിനികളും ഇന്ത്യ വാങ്ങും, 90,000 കോടിയുടെ കരാർ

ന്യൂഡൽഹി: ഫ്രാൻസിൽ നിന്ന് 26 റഫാൽ യുദ്ധവിമാനങ്ങളും മൂന്ന് സ്കോർപീൻ ക്ലാസ് അന്തർവാഹിനികളും ഇന്ത്യ വാങ്ങാനൊരുങ്ങുന്നു. നാവിക സേനയ്ക്ക് വേണ്ടിയാണിവ വാങ്ങുന്നത്. 22 റഫാൽ മറൈൻ എയർക്രാഫ്റ്റുകളും നാല് പരിശീലന വിമാനങ്ങളും നാവികസേനയ്ക്കുവേണ്ടി വാങ്ങും.

ജൂലായ് 13, 14 തീയതികളിലായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന ഫ്രാൻസ് സന്ദർശനത്തിനിടെ ഇത് സംബന്ധിച്ച് പ്രഖ്യാപനമുണ്ടാവുമെന്ന് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തു.

ഇന്ത്യൻ മഹാസമുദ്രത്തിലടക്കം വെല്ലുവിളികൾ വർധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് അടിയന്തിരമായി ഇവ വാങ്ങണമെന്നാണ് നാവികസേനയുടെ ആവശ്യം. ഐഎൻഎസ് വിക്രമാദിത്യയിലും



വിക്രാന്തിലും മിഗ് 29-ന് പകരം റഫാൽ യുദ്ധവിമാനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും നാവിക സേന ചൂണ്ടിക്കാണിക്കുന്നു. എന്തായാലും വമ്പൻ ഇടപാടായാരിക്കും ഇത്. ഏകദേശം 90,000 കോടി രൂപയോളം ഇതിന് ചിലവ് വരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

## ഹോമിയോ ഗവേഷണം കാലഘട്ടത്തിന്റെ ആവശ്യം: മന്ത്രിവീണ

തിരുവനന്തപുരം: ഹോമിയോപ്പതി വകുപ്പിൽ ഗവേഷണം ശക്തമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ ഉത്തരവാദിത്വം ഹോമിയോപ്പതി വകുപ്പ് ഏറ്റെടുക്കണം. ഹോമിയോപ്പതി പ്രതിരോധ മരുന്നുകളുടെ ഫലസിദ്ധിയെ കുറിച്ച് ഗവേഷണം നടത്തുന്നതിന്റെ ഭാഗമായി "ഹോമിയോപ്പതി എവിഡൻസ് ബേസ്ഡ് അഡ്വാൻസ്ഡ് റിസർച്ച് ആൻഡ് ട്രെയിനിങ്" പദ്ധതി നടപ്പിലാക്കി വരുന്നുവെന്നും മന്ത്രി പറഞ്ഞു. ഗവേഷണ പഠനവുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി വകുപ്പ് ആദ്യമായി സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ചുമായി കരാറിൽ ഒപ്പിട്ടതായും മന്ത്രി വ്യക്തമാക്കി. ആയുഷ് ഹോമിയോപ്പതി വകുപ്പ് 50ാം വാർഷികാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

### ദുബായ് സമ്മർ സർപ്രൈസ് 2023:

## സന്ദർശകർക്ക് കാഴ്ച വിരുന്നൊരുക്കി മ്യൂസിയങ്ങളും പൈതൃക നാഴികക്കല്ലുകളും

ദുബായ്: ദുബായ് സമ്മർ സർപ്രൈസ് 2023 വിദേശികൾക്കും സ്വദേശികൾക്കും പ്രിയങ്കരമായി തുടരുന്നു. ജൂൺ 29ന് ആരംഭിക്കുകയും സെപ്റ്റംബർ മൂന്ന് വരെ നീണ്ടുനിൽക്കുന്ന സമ്മർ സർപ്രൈസിൽ അതിഗംഭീരമായ പുറംകാഴ്ചകൾ മാത്രമല്ല ദൃശ്യവിസ്മയങ്ങളൊരുക്കുന്ന ഇൻഡോർ അനുഭവങ്ങളും ഈ വേനലവധിയിൽ ദുബായ് സന്ദർശകർക്ക് വേണ്ടി ഒരുക്കുന്നു.

ദുബായിലെ ഇൻഡോർ മ്യൂസിയങ്ങളും സാംസ്കാരിക സ്ഥലങ്ങളും നഗരത്തിന്റെ സമ്പന്നമായ പൈതൃകം, കലാപരമായ വൈഭവം, സാംസ്കാരിക വൈവിധ്യം എന്നിങ്ങനെ നിരവധി ആകർഷണങ്ങൾ വാഗ്ദാനം ചെയ്യുന്നു. തിയറ്റർ ഓഫ് ഡിജിറ്റൽ ആർട്ട്, ലാ പെർലെ ഷോ, ടോപ്പ് ഗോൾഫ്, മുഹമ്മദ് ബിൻ റാഷിദ് ലൈബ്രറി എന്നിവ ദുബായിലെ ആകർഷകമായ ഇൻഡോർ വേദികളിൽ ചിലത് മാത്രമാണ്.

കലയും സാങ്കേതികവിദ്യയും മൾട്ടിമീഡിയയും സംയോജിപ്പിച്ച് ആഴത്തിലുള്ള ദൃശ്യാനുഭവങ്ങൾ പ്രദാനം ചെയ്യുന്ന തിയേറ്റർ ഓഫ് ഡിജിറ്റൽ ആർട്ട് എക്സിബിഷനുകൾ, ഇന്ററാക്ടീവ് ഇൻസ്റ്റാളേഷനുകൾ വൈവിധ്യമാർന്ന കലാരൂപങ്ങളുടെ ശേഖരം എന്നിവയിലൂടെ കുട്ടികൾ ഉൾപ്പെടെ എല്ലാ പ്രായത്തിലും ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകളെ ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യും. അതിശയിപ്പിക്കുന്ന അക്രോബാറ്റിക്സ്, അത്യാധുനിക സാങ്കേതികവിദ്യ, ആവേശകരമായ ആക്ഷൻ എന്നിവ നിങ്ങൾ ആസ്വദിക്കുന്നുണ്ടെങ്കിൽ, ലാ പെർലെ ബൈ ഡ്രാഗണിൽ ഉറപ്പായും ഒരു സീറ്റ് റിസർവ് ചെയ്യണം.

ഓരോ വർഷവും അതിശയിപ്പിക്കുന്ന 450 പ്രകടനങ്ങളോടെ, ദുബായിലെ ആദ്യത്തെ സ്ഥിരം ഷോയായ ലാ പെർലെയിലെ 90 മിനിറ്റ് ഷോയിൽ വ്യത്യസ്തമായ കഴിവുകളുള്ള ബഹുമുഖ പ്രതിഭകൾ ചെയ്യുന്ന നിരവധി ആകാശ, ജല അഭ്യാസങ്ങളുണ്ടായിരിക്കും.

എമിറേറ്റ്സ് ഗോൾഫ് ക്ലബിലെ 60,000 ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന മൂന്ന് തലത്തിലുള്ള വിനോദ വേദിയായ ടോപ്പ് ഗോൾഫിൽ ഗോൾഫ് ഗെയിമുകൾ, തത്സമയ സംഗീതം, ഡൈനിംഗ് എന്നിവ വാഗ്ദാനം ചെയ്യുന്നു.

ഗെയിമിംഗിന് അപ്പുറം ടോപ്ഗോൾഫ് മൂന്ന് റെസ്റ്റോറന്റുകൾ, ഒരു റീട്ടെയിൽ ഇടം, മൂന്ന് ലക്ഷ്വറി വി.ഐ.പി സ്യൂട്ടുകൾ, സ്പോർട്സ് കാണാനുള്ള വലിയ ടിവി സ്ക്രീനുകൾ, ഒരു മിനി ഗോൾഫ് കോഴ്സ്, ലൈവ് മ്യൂസിക് എന്നിവയും ഇവിടെ ലഭ്യമാണ്.

എല്ലാ പുസ്തക പ്രേമികൾക്കും വേണ്ടിയുള്ളതാണ് മുഹമ്മദ് ബിൻ റാഷിദ് ലൈബ്രറി. പാരായണ സമയത്ത് വിശുദ്ധ ഖുർആൻ പടിക്കാൻ ഉപയോഗിക്കുന്ന പരമ്പരാഗത തടി പുസ്തക വിശ്രമമായ റെഹാൽ എന്ന ആശയം ഉപയോഗിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ള ഇവിടെ വ്യത്യസ്ത രുചിക്കാർക്കായി ഒൻപത് ലൈബ്രറികളാണ് സജ്ജമാക്കിയിട്ടുള്ളത്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.